**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 2, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 28-07-2005-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 2747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തിരപ്രമേയം**

വിദ്യാർത്ഥി-യുവജന സമരങ്ങൾക്കെതിരെ നടന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: ഏഴാം ക്ലാസിലെ സാമൂഹ്യപാഠപുസ്തകം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 01-07-2008-ന് തിരുവനന്തപുരത്ത് യൂത്ത് കോൺഗ്രസ്സും യൂത്ത് ഫ്രണ്ടും നടത്തിയ സമരങ്ങളെ അടിച്ചമർത്താൻ പോലീസ് നടത്തിയ ബോധപൂർവ്വമായ ശ്രമത്തിൽ സംസ്ഥാനത്തെ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് അടക്കം വിവിധ യുവജന നേതാക്കൾക്ക്

പരിക്കേറ്റതിനെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ 01-07-2008-ന് നിയമസഭാ മാർച്ച് നടത്തുക യുണ്ടായി. പ്രകടനക്കാരോട് നിയമാനുസൃതമായി പിരിഞ്ഞുപോകാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അനുസരിക്കാതെ അക്രമാസക്തരാകുകയും പോലീസിന് നേരെ കമ്പ്, കല്ല് എന്നിവ വലിച്ചെറിയുകയും ചെയ്തതിനെത്തുടർന്ന് പോലീസുകാർക്കും ജാഥാംഗങ്ങൾക്കും പരിക്കേറ്റ സാഹചര്യത്തിലാണ് അവരെ പിരിച്ചുവിടാൻ പോലീസ് നിയമാനുസൃതമായി ജലപീരങ്കിയും ലാത്തിയും പ്രയോഗിച്ചത്. ഗ്രനേഡ് പ്രയോഗിച്ചുവെന്ന് പറയു ന്നത് ശരിയല്ല. ഫോർട്ട് സ്റ്റേഷനിലെ അസിസ്റ്റന്റ് കമ്മീഷണറുടെ വലതു കൈയുടെ എല്ലിന് പൊട്ടലുണ്ടാകുകയും എസ്.ഐ.യ്ക്കും ആറ് പോലീസ് ഉദ്യോഗസ്ഥർക്കും യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റിനും 9 യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കും പരിക്കുപറ്റുകയും ചെയ്തതിനെത്തുടർന്ന് അവർ ചികിത്സയിലാണ്. ഈ സംഭവത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും പോലീസ് ആക്ടിലെ സെക്ഷൻ 38, 52 പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തിവരികയാണ്. പരിക്കേറ്റവർക്ക് ചികിത്സ വൈകിച്ചു എന്നുള്ള ആരോപണം ശരിയല്ല. പോലീസ് വാഹനത്തിലാണ് ഇവരെ ആശുപത്രിയിലെത്തിച്ചത്. യൂത്ത് ഫ്രണ്ട് പ്രസിഡന്റും 150-ഓളം പ്രവർത്ത കരും സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയും 12.30-ഓടുകൂടി മെയിൻ ഗേറ്റിനടുത്തുവച്ച് അക്രമാസക്തരാകുകയും പിരിഞ്ഞുപോകാനുള്ള നിർദ്ദേശം വകവയ്ക്കാതെ റോഡിൽ കുത്തിയിരുന്ന് വഴിയാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുകയും ഒരു മണിയോടുകൂടി ബാരിക്കേഡ് തള്ളിമാറ്റി വലയം ഭേദിച്ചുകൊണ്ട് തള്ളിക്കയറാൻ ശ്രമിക്കുകയും പോലീസിനെ ആക്രമിക്കുകയും ചെയ്തതിനെത്തുടർന്ന് 16 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഈ സംഭവത്തിലും വിവിധ വകുപ്പുകൾ പ്രകാരം കന്റോൺമെന്റ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് അവരെ ജാമ്യത്തിൽ വിട്ടയയ്ക്കുകയുമുണ്ടായി. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ അവസ്ഥാ വിശേഷം നിലനിൽക്കുന്നില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഏഴാം ക്ലാസ്സിലെ സാമൂഹ്യ പാഠ പുസ്തകം പിൻവലിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ്സും യൂത്ത് ഫ്രണ്ടും നടത്തിയ മാർച്ചുകൾക്കുനേരെയുണ്ടായ ക്രൂരമായ പോലീസ് അതി ക്രമങ്ങളെക്കുറിച്ച് സഭയിൽ മന്ത്രി നടത്തിയ പ്രസ്താവന തികച്ചും വസ്തുതാവിരുദ്ധവും ദൗർഭാഗ്യകരവുമാണ്. യൂത്ത് കോൺഗ്രസ്സിന്റെ മാർച്ച് അഖിലേന്ത്യാ പ്രസിഡന്റ് ഉദ്ഘാടനം ചെയ്തശേഷം തികച്ചും സമാധാനപര മായാണ് നടത്തിക്കൊണ്ടിരുന്നത്. യാതൊരു പ്രകോപനവുമില്ലാതിരുന്നിട്ടും പ്രവർത്തകർക്ക് നേരെ പോലീസ് ലാത്തിച്ചാർജ് നടത്തുകയാണുണ്ടായത്. പ്രകടനക്കാർ ആയുധങ്ങൾ ഉപയോഗിക്കുകയോ പൊതുമുതൽ നശിപ്പിക്കു

കയോ ചെയ്തിട്ടില്ല. ഏത് സാഹചര്യത്തിലാണ് ഒരു മുന്നറിയിപ്പും കൂടാതെ ക്രൂരമായ ലാത്തിച്ചാർജ്ജ് നടത്തിയതെന്ന് വ്യക്തമാക്കണം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ടി. സിദ്ധിഖിന്റെ കൈയ്ക്കും കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് സഞ്ജയ് ഖാൻ, വൈസ് പ്രസിഡന്റ് ശ്രീ. കെ. പി. ശ്രീകുമാർ എന്നിവർക്ക് തലയ്ക്കും പരിക്കേൽക്കുകയുണ്ടായി. പ്രതിഷേധ സമരങ്ങളെ നേരിടുന്നതിന് ചില മര്യാദകളുണ്ട്. ഈ അതിക്രമത്തിലൂടെ ഇടതുപക്ഷത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ കുട്ടികളുടെ മനസ്സിലേയ്ക്കെത്തി ക്കുക എന്ന ഹിഡൻ അജണ്ട പുറത്തായിരിക്കുകയാണ്. ഇതിനെ നേരിടാൻ ജനങ്ങൾ ഒറ്റക്കെട്ടായി സമരത്തിനിറങ്ങുമ്പോൾ അതിനെ അടിച്ചമർത്തിക്കൊ ണ്ടുള്ള ക്രൂര നരവേട്ട ഇവിടെ നടത്തുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഇന്നലെയുണ്ടായ സംഭവങ്ങളെക്കുറിച്ച് കൂടുതലായി ഒന്നും പറയാൻ ബഹുമാനപ്പെട്ട അംഗത്തിന് പോലും കഴിയുന്നില്ല. ഇത്തര ത്തിലുള്ള പ്രതിഷേധ പ്രകടനങ്ങൾ നടത്തേണ്ടതുണ്ടോയെന്ന കാര്യം പ്രതി പക്ഷം ആലോചിക്കണം. പാഠപുസ്തകത്തെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കുകയും ഒരു കമ്മിറ്റിയെ നിയോഗിക്കാ മെന്ന് പറഞ്ഞതുമാണ്. അതുമായി സഹകരിച്ചുപോകുന്നതിനുപകരം ഇത്തര ത്തിലുള്ള യുദ്ധം നടത്തുകയാണ് ചെയ്യുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ചർച്ചയ്ക്ക് തയ്യാറാണ്. യു.ഡി.എഫ്.-ന്റെ ഘടക കക്ഷികൾ പോലും ഈ തെറ്റായ സമീപനത്തെ എതിർക്കുന്നു. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന സമരാഭാസത്തിൽനിന്നും പ്രതിപക്ഷം പിൻതിരിയണം. ഈ പ്രശ്നം ചർച്ച

ചെയ്ത് പരിഹരിക്കാം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം സഭയിൽ മടങ്ങിവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ശ്രീ. സി.കെ.പി. പത്മനാഭൻ: ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായി മാറിയിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ച ഈ പദ്ധതി മൂന്ന് ജില്ലകളിൽ വിജയകരമായി നടപ്പിലാക്കി. ഇന്ത്യയിലെ ഗ്രാമങ്ങളിൽ 87 ശതമാനം സ്ത്രീകൾക്കും 47 ശതമാനം പുരുഷന്മാർക്കും മിനിമം കൂലിപോലും ലഭിക്കാത്ത സാഹചര്യമാണിന്നുള്ളത്. അതിന് പരിഹാരമെന്നോണമാണ് 3 കോടിയോളം വരുന്ന ജനങ്ങൾ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ അംഗത്വം സ്വീകരിച്ചത്. തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നതിലൂടെ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയും. ഇന്ത്യയിൽ ഒരു തൊഴിലാളിക്ക് ഒരു വർഷം 5500 രൂപ ലഭിക്കുമ്പോൾ കേരളത്തിൽ 12500 രൂപയാണ് ലഭിക്കുന്നത്. ഇത് ഇനിയും വർദ്ധിപ്പിക്കാൻ ശ്രമിക്കണം. കാർഷികരംഗത്ത് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക കലണ്ടറുകൾ തയ്യാറാക്കി തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. ഓരോ പഞ്ചായത്തിലും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിന് തൊഴിലുറപ്പു സേനയെ ഉപയോഗപ്പെടുത്തുന്നതിലൂടെ കേരളത്തിന്റെ ശരാശരി ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂലിയിലുണ്ടാകുന്ന കുറവ് പരിഹരിക്കാനും കഴിയും. തൊഴിലുറപ്പു സേനയിലെ അംഗങ്ങളെ പരസ്പരം യോജിപ്പിച്ച് അവരവരുടെ ഭൂമിയിൽ കൃഷി ചെയ്ത് കേരളത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി പച്ചക്കറികളും മറ്റും ഉൽപ്പാദിപ്പിക്കുന്ന രീതി വളർത്തിയെടുക്കണം. ശരാശരി വരുന്ന ഉല്പാദനക്ഷമതയ്ക്കു മുകളിൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ അതിന്റെ ഒരു വിഹിതം തൊഴിലാളികൾക്ക് വീതിച്ചു കൊടുക്കണം. പഞ്ചായത്തുകളിൽ മാത്രം നിലവിലുള്ള തൊഴിലുറപ്പു പദ്ധതി മുനിസിപ്പാലിറ്റികളിലേയ്ക്കും കോർപ്പറേഷനുകളിലേയ്ക്കും കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇ.എം.എസ്. പാർപ്പിട പദ്ധതി, ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി എന്നിവയ്ക്ക് തൊഴിലുറപ്പു സേനയുടെ സേവനം ഉപയോഗപ്പെടുത്തണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി); ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കി വരികയാണ് തൊഴിലുറപ്പു നിയമത്തിന്റെ പട്ടിക (1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നത്. ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ പലതും കേരള സാഹചര്യത്തിന് പ്രയാസമുണ്ടാക്കുന്നതാണ്. നീർത്തട വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ചെറുകിട പരിമിത കർഷകരുടെ അഞ്ച് ഏക്കർ വരെയുള്ള കൃഷി ഭൂമിയിൽ ഭൂവികസനപരിപാടികൾ

ഏറ്റെടുക്കാവുന്നതാണെന്ന നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഭവന നിർമ്മാണം, പുകയില്ലാത്ത അടുപ്പിന്റെ നിർമ്മാണം, സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി വീട്ടു വളപ്പിൽ ഗാർബേജ് പിറ്റും സോക്കേജു പിറ്റും നിർമ്മിക്കുക തുടങ്ങി പദ്ധതിയുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ ഭൗതിക സാഹചര്യ ങ്ങൾക്കനുസൃതമായി മാറ്റുന്നതിനുള്ള അനുവാദത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൃഷിപ്പണിക്ക് ആളെ കിട്ടാനില്ലെന്നത് മനസ്സിലാക്കി ഒരു കലണ്ടർ തയ്യാറാക്കി കൃഷിപ്പണിയും ഗ്രാമീണ തൊഴി ലുറപ്പു പദ്ധതിയും ഒരുമിച്ചു കൊണ്ടുപോകുന്നതിന് നിർദ്ദേശം നൽകിയി ട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണം ശക്തിപ്പെടു ത്തുന്നതിനായി 24-06-08-ൽ വിളിച്ചുചേർത്ത കർഷകത്തൊഴിലാളി സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ ശുപാർശയോടുകൂടി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതാതു പ്രദേശത്തെ ആളുകളെ ഈ പദ്ധതിയിൽ സഹകരിപ്പിക്കാനും അവരുടെ സഹായം തേടാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴി ലുറപ്പു നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(2) പി.എം.ജി.എസ്.വൈ പദ്ധതി

ശ്രീ. ആര്യാടൻ മുഹമ്മദ്: പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2006-07-ൽ ഫെയ്സ് VI അനുസരിച്ച് 322 വർക്കുകൾക്കായി കേരളത്തിന് 294 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. 77 വർക്കുകൾ ടെണ്ടർ

ചെയ്തെങ്കിലും വർക്ക് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ഇതിനാവശ്യമായ പണം മുഴുവൻ കേന്ദ്ര ഗവൺമെന്റ് തരികയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഷെഡ്യൂൾ അനുസരിച്ചുണ്ടാക്കുന്ന എസ്റ്റിമേറ്റനുസരിച്ച് ടെണ്ടർ ചെയ്താൽ അത് എസ്റ്റിമേറ്റ് തുകയ്ക്കു മുകളിൽ ആകാൻ പാടില്ല. അതുകൊണ്ട് അതനുസരിച്ചുള്ള ഷെഡ്യുൾ തയ്യാറാക്കാൻ സർക്കാർ തയ്യാറാകണം. പി.ഡബ്ള്യൂ.ഡി. ഷെഡ്യൂൾ അനുസരിച്ച് 50 ലക്ഷം രൂപയിൽ കൂടുതലുള്ള വർക്കുകൾക്ക് യഥാർത്ഥത്തിലുള്ള ലീഡ് കൊടുക്കാമെന്നു വ്യവസ്ഥയുണ്ട്. അതിനു ധനകാര്യവകുപ്പ് അംഗീകാരം നൽകണം. റൂറൽ റോഡ് മാനുവൽ അനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. റൂറൽ ഡെവലപ്മെന്റ് ഒരു ഷെഡ്യൂൾ തയ്യാറാക്കി അതനുസരിച്ചു ചെയ്താൽ കേന്ദ്രഗവൺമെന്റിൽ നിന്നും കിട്ടുന്ന പണം കൊണ്ടുതന്നെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും. ഇതിന്റെ സ്ക്രൂട്ടിനി നടത്തേണ്ടത് സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയാണ്. തൊഴിലാളികളുടെ കൂലിയും മെറ്റീരിയൽ കോസ്റ്റും യഥാർത്ഥ ലീഡും അനുവദിച്ച് പുതിയ ഷെഡ്യൂൾ തയ്യാറാക്കി എസ്റ്റിമേറ്റ് തുകയിൽ നിന്നും അധികതുക കൊടുത്ത് ഈ വർക്കുകൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2006-07-ൽ കേന്ദ്ര ഗവൺമെന്റ് 733.272 കി.മീറ്റർ നീളമുള്ള 322 റോഡുകളുടെ പുനരുദ്ധാരണത്തിന് 294.2 കോടി രൂപയുടെ പദ്ധതികൾക്ക് 26-7-2007-ൽ അംഗീകാരം നൽകി. 31-7-2007-ൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും 1-8-2007-ൽ ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. ഇതിൽ 239 റോഡുകളുടെ പ്രവൃത്തികൾ കരാർ ഉറപ്പിച്ച് പണിയാരംഭിച്ചതാണ്. 81.76

കോടി രൂപയ്ക്കുള്ള 83 റോഡുകളുടെ പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കേണ്ടതുണ്ട്. 77 റോഡുകൾ ഈ 83 റോഡുകളിൽ ഉൾപ്പെടുന്നതാണ്. 2007-ലെ പി.ഡബ്ള്യൂ.ഡി. നിരക്ക് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് തുകയിൽ നിന്നും അധിക തുക കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യത്തിലാണ് കരാർ ഉറപ്പിക്കാൻ കഴിയാതെ പോയത്. തുക നഷ്ടപ്പെടാത്ത തരത്തിൽ എസ്റ്റിമേറ്റിലധികമുള്ള തുക സംസ്ഥാന സർക്കാർ നൽകുമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ വർക്കുകൾ അവാർഡ് ചെയ്യാനുള്ള സമയം ദീർഘിപ്പിച്ചു തരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർമ്മാണം</u>

<u>ശ്രീ. കെ.ബാബു:</u> കൊച്ചിയിലെ സ്മാർട്ടു സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു. ഭൂമി സംബന്ധമായ തർക്കങ്ങൾ ഒഴിവാക്കി എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> കൊച്ചിയിലെ സ്മാർട്ടു സിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കാനുള്ള നടപടികൾ നടന്നു വരികയാണ്. സ്മാർട്ട് സിറ്റി പദ്ധതിക്കായി നൽകിയ 136 ഏക്കർ ഭൂമിക്ക് കേന്ദ്രസർക്കാർ സെസ്സ് (SEZ) പദവി അനുവദിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി സംബന്ധിച്ച കരാർ അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ജലം എന്നിവ നൽകുന്നതിനുള്ള നടപടികളും പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡിന്റെ വികസനവും നടന്നുവരുന്നു. സ്മാർട്ട് സിറ്റിയുടെ മാസ്റ്റർ പ്ളാൻ

തയ്യാറാക്കാനുള്ള കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. മാസ്റ്റർ പ്ളാനിന്റെ രൂപകൽപ്പന ഉടനെ ആരംഭിക്കുന്നതാണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടാകില്ലെന്നാണ് കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്.

(2) റിവൈവൽ പാക്കേജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഷോർട്ട്ടേം റൂറൽ കോ-ഓപ്പറേറ്റീവ്സിനുവേണ്ടിയുള്ള റിവൈവൽ പാക്കേജിൽ ഒപ്പുവയ്ക്കുന്നതിനുള്ള അവസാന ദിവസം 5-7-2008 ആണ്. ഈ പാക്കേജ് പ്രകാരം 853 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി കേരള സർക്കാരിന് നൽകുന്നതാണ്. കേരളത്തിലെ 432 പ്രൈമറി സംഘങ്ങളും ഭൂരിപക്ഷം ജില്ലാ ബാങ്കുകളും നഷ്ടത്തിലാണ്. 2004 മാർച്ച് മാസം 31-ാം തീയതി വരെയുള്ള സ്ഥാപനങ്ങളുടെ നഷ്ടം കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിക്കൊണ്ട് ആ തുക സംസ്ഥാന ഗവൺമെന്റിനും സഹകരണ പ്രസ്ഥാനങ്ങൾക്കും നൽകുന്നതാണ് ഈ സ്കീം. സഹകരണ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന നിബന്ധനകൾ ഉൾക്കൊള്ളുന്ന ഈ പാക്കേജ് ഒപ്പിടാൻ ഗവൺമെന്റ് തയ്യാറാകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ): യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അംഗീകരിക്കാതിരുന്ന ഒരു പാക്കേജാണിത്. ഈ ഗവൺമെന്റും ആ നിലപാട് തുടരുകയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച് ചർച്ച നടത്തുകയും ഐകകണ്ഠ്യേന റിസർവ്വ് ബാങ്ക് ചില കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യണമെന്നു പറഞ്ഞ് കേന്ദ്ര ഗവൺമെന്റിന് കത്ത് അയയ്ക്കുകയുമുണ്ടായി. സഹകരണ വായ്പാ മേഖലയെ

സർക്കാരിന്റെ നിയന്ത്രണത്തിൽ നിന്ന് വേർപെടുത്തി റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റേയും നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നുള്ളതിനെയൊക്കെയാണ് എതിർക്കുന്നത്. ആയിരംകോടി രൂപ കേരള ത്തിന് കിട്ടുമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ആഡിറ്റ് ചെയ്തതിനു ശേഷം 500 കോടി രൂപയിൽ താഴെ മാത്രമേ വരികയുള്ളൂ എന്നുള്ള വസ്തു തയും അറിയിക്കുകയുണ്ടായി. മുൻ യു.ഡി.എഫ് ഗവൺമെന്റിന്റെ തുടർച്ച യായി കേന്ദ്ര ഗവൺമെന്റിന് ഞാൻ കത്തയയ്ക്കുകയും ആവശ്യമായ ഭേദഗ തികളോടുകൂടി 18-4-2008-ന് വീണ്ടും ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തു.. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ പാടില്ല; ഗവൺമെന്റ് ധനസഹായം നൽകാൻ പാടില്ല; നൽകിയ ധനസഹായം 25 ശതമാനമായി ചുരുക്കണം; പിരിച്ചുവിടുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിനാണ്; ഇതൊക്കെയാണ് ഭേദഗതി ചെയ്യാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയും കത്ത് അയച്ചിട്ടുണ്ട്. ഈ പാക്കേജിനോടുള്ള യു.ഡി.എഫ്-ന്റെ അഭിപ്രായം എഴുതി അറിയിച്ചാൽ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കാം.

(3) ആറ്റിങ്ങൽ-ചിറയിൻകീഴ്-കോരാണി റോഡ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ആറ്റിങ്ങൽ നിയോജകമണ്ഡല ത്തിലെ ആറ്റിങ്ങൽ-ചിറയിൻകീഴ്- കോരാണി റോഡ് ടാർ ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ആറ്റിങ്ങൽ ചിറയൻകീഴ് കോരാണി റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും

നൽകിയിരുന്നു. പ്രസ്തുത പണികൾക്ക് ദർഘാസ് ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പണി ഏൽപ്പിച്ചു. നബാർഡ് സഹായത്തോടെ നടപ്പാക്കാൻ ടെണ്ടർ വിളിച്ചതുകൊണ്ട് അറ്റകുറ്റപ്പണികൾ ക്രമീകരിച്ചിരുന്നില്ല. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(4) മഹാകവി പാലാ നാരായണൻ നായരുടെ രചനകളുടെ പ്രസിദ്ധീകരണം

ശ്രീ. കെ.എം. മാണി : മഹാകവി പാലാ നാരായണൻ നായരുടെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : മഹാകവി പാലാ നാരായണൻ നായരുടെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) ജണ്ട കെട്ടുന്ന നടപടി

ശ്രീ. പി.സി. ജോർജ്ജ് : വാഗമൺ മേഖലയിൽ വൻകിട കയ്യേറ്റങ്ങളെ സഹായിക്കുന്ന തരത്തിൽ വനം വകുപ്പ് ജണ്ട കെട്ടുന്ന നടപടി ഒഴിവാക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : . വാഗമണ്ണിൽ 11 ബിറ്റുകളിലായിട്ട് 440.06 ഹെക്ടർ സ്ഥലം റിസർവ്വ് വനമായി പ്രഖ്യാപിച്ചത് ഈ ഗവൺമെന്റാണ്. വാഗമൺ മേഖലയിൽ സർവ്വേ രേഖ പ്രകാരമുള്ള വനഭൂമിയിലാണ് ജണ്ടകെട്ടുന്നത്. ഒരു കയ്യേറ്റക്കാരേയും ഗവൺമെന്റ് ഒഴിവാക്കി ജണ്ട കെട്ടുകയില്ല.

(6) സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളുമായി ഉണ്ടാക്കിയ കരാർ

ശ്രീ. കെ.സി. ജോസഫ് : പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിലും ഫീസ് ഘടനയിലും സ്വാശ്രയ മാനേജുമെന്റുകളുമായി സർക്കാർ ഉണ്ടാക്കിയ കരാർ ജസ്റ്റിസ് പി.എ.മുഹമ്മദ്

കമ്മിറ്റി അംഗീകരിക്കാത്തതിന്മേലുള്ള നിലപാട് വ്യക്തമാക്കണം. സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് വൻതോതിൽ വർദ്ധിപ്പിച്ചത് കുറയ്ക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) :ഗവൺമെന്റ് സ്വാശ്രയ മാനേജുമെന്റുകളുമായുണ്ടാക്കിയ കരാർ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ളതാണ്. ഈ കരാർ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി അംഗീകരിക്കുന്നില്ലെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. ഗവൺമെന്റിനോട് യോജിച്ചുകൊണ്ട് ഭൂരിപക്ഷം സ്വാശ്രയ മാനേജുമെന്റുകളുമായി ഗവൺമെന്റ് എത്തിച്ചേർന്ന ധാരണ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി സ്വീകരിച്ചുവെന്നാണ് മനസ്സിലാക്കുന്നത്.

(7) പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി

ശ്രീ.സി.ടി. അഹമ്മദ് അലി: പ്രധാനമന്ത്രിയുടെ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പതിനഞ്ചിന പരിപാടികളുടെ ഭാഗമായി മുസ്ലീം, ക്രിസ്ത്യൻ തുടങ്ങി ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ജൂലായ് 31-നകം കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ സ്കോളർഷിപ്പിനുള്ള അവസരം നഷ്ടപ്പെടും. ഇത് നടപ്പിലാക്കുന്നതിന് സ്പെഷ്യൽ ആഫീസറെപ്പോലും ഇതുവരെ നിയമിച്ചിട്ടില്ല. വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) :മുസ്ലീങ്ങൾക്കും ക്രിസ്ത്യൻ വിഭാഗങ്ങൾക്കും

പ്രതിവർഷം 7400 രൂപവീതം ലഭ്യമാകുന്ന പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷാ ഫോമും നിർദ്ദേശങ്ങളും ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് ഗവൺമെന്റ് അയച്ചുകഴിഞ്ഞിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകൾ ജൂലായ് 31-നകം സ്കൂളുകളിൽനിന്ന് ശേഖരിച്ച് ബന്ധപ്പെട്ട ആഫീസുകളിലേയ്ക്ക് അയയ്ക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളത്തിലെ പ്രമുഖ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഇതു സംബന്ധിച്ച് വാർത്തകൾ നൽകിയിട്ടുണ്ട്. ഇനിയും ഇതു സംബന്ധിച്ച് വിപുലമായ പ്രചരണ പ്രവർത്തനങ്ങളും തുടർനടപടികളും സ്വീകരിക്കുന്നതാണ്.

(8) <u>തൃശ്ശൂരിലെ വനജാ മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം</u>

<u>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ</u> : തൃശ്ശൂരിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വനജാ മിൽ അഞ്ചു വർഷമായി അടഞ്ഞുകിടക്കുന്നതു കാരണം അവിടത്തെ തൊഴിലാളികൾ സമരത്തിലാണ്. തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് മാനേജ്മെന്റ് തയ്യാറാകുന്നില്ല. എല്ലാവിധ അടിസ്ഥാന സൗകര്യവുമുള്ള ഈ സ്വകാര്യ മിൽ ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ.എളമരം കരീം</u>) : തൃശ്ശൂർ ജില്ലയിൽ പ്രവർത്തനരഹിതമായ വനജാ ടെക്സ്റ്റൈൽ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ബി.ഐ.എഫ്.ആർ. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മാനേജ്മെന്റിന് സാധിക്കാതെ വന്നതിനെത്തുടർന്ന് മില്ലിന്റെ പ്രവർത്തനം നിർത്തിവച്ചു. മിൽ അടച്ചുപൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾ സമരത്തിലാണ്. തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമായെങ്കിലും മാനേജ്മെന്റിന് ഫണ്ട് സ്വരൂപിക്കാൻ ഇതുവരെ

കഴിഞ്ഞിട്ടില്ല. മാനേജ്മെന്റും തൊഴിലാളികളുമായി നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

(9) മുൻ എം.എൽ.എ. ശ്രീ.പി.എസ്. സുപാലിനെതിരെയുള്ള പോലീസ് നടപടി

ശ്രീ.കെ. രാജു :മുൻ എം.എൽ.എ.യും യുവജനനേതാവുമായ ശ്രീ.പി.എസ്. സുപാലിനെ ഇന്നലെ രാത്രി 2.00 മണിക്ക് പോലീസ് വീട്ടിൽ കയറി അകാരണമായി അറസ്റ്റ് ചെയ്ത നടപടി പ്രതിഷേധാർഹമാണ്. ഇത് ഈ സർക്കാരിന്റെ നയത്തിന് എതിരായ നടപടിയാണ്. ഇക്കാര്യത്തിൽ കൃത്യവിലോപം കാണിച്ച പോലീസുകാർക്കെതിരെ മേൽനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : അഞ്ചൽ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന കേസ്സിലെ പ്രതികളായ ശ്രീ.പി.എസ്. സുപാലിനേയും ശ്രീ.അൻസാരിയേയും 2-7-2008-ന് രാവിലെ 2.00 മണിയോടെ അഞ്ചൽ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ശ്രീ.കെ. രാജു എം.എൽ.എ. ഇക്കാര്യം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി. ഒളിച്ചുപോകാനിടയില്ലാത്ത ഒരു പൊതുപ്രവർത്തകനെ രാത്രി സമയത്ത് പോലീസ് വീട്ടിൽ കയറി അറസ്റ്റ് ചെയ്ത നടപടിയോട് ഗവൺമെന്റ് യോജിക്കുന്നില്ല. ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം ഐ.ജി. ശ്രീ.അരുൺകുമാർ സിൻഹയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) മഹാകവി പാലാ നാരായണൻ നായർക്ക് സ്മാരകം

ശ്രീ.കെ. അജിത് : അടുത്തകാലത്ത് അന്തരിച്ച മഹാകവി പാലാ നാരായണൻ നായർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : സാംസ്ക്കാരിക വകുപ്പിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും എം.പി., എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി മഹാകവിക്ക് വൈക്കത്ത് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(11) പുലിമുട്ട് നിർമ്മാണം

ശ്രീ. വി. സുരേന്ദ്രൻ പിള്ള:: അയ്യായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ കടലാക്രമണം രൂക്ഷമായതിനാൽ അടിയന്തിരമായി പുലിമുട്ട് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രസ്തുത പ്രദേശം സന്ദർശിച്ച് റവന്യൂ-ഫിഷറീസ് വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. പുലിമുട്ടിട്ട് കടൽഭിത്തി നിർമ്മിക്കുന്നതോടൊപ്പം നിരാശ്രയരായി കഴിയുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്കും സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. പനത്തുറ കടൽത്തീരപ്രദേശത്ത് 10 പുലിമുട്ടുകൾ ഇടാൻ

ഐ.ഐ.ടി. മദ്രാസ് നിർദ്ദേശിച്ചിട്ടുള്ളതിൽ പൂന്തുറ പൊഴിക്ക് തെക്കുഭാഗത്ത് രണ്ടും വടക്കുഭാഗത്ത് എട്ടും പുലിമുട്ടുകൾ പരീക്ഷണാർത്ഥം ഇടാനാണ് തീരുമാനിച്ചിട്ടുള്ളത്. പുലിമുട്ടിനാവശ്യമായ structural design ഐ.ഐ.ടി. നിർദ്ദേശിക്കുന്നതനുസരിച്ച് മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(12) <u>ഗോപകുമാറിന്റെ തിരോധാനം</u>

<u>പ്രൊഫ. എൻ. ജയരാജ്</u>: കോട്ടയം ജില്ലയിലെ വാഴൂർ നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളാവൂർ കടയിനിക്കാട് കള്ളിക്കൽ വീട്ടിൽ ഗോപകുമാറിന്റെ തിരോധാനത്തെക്കുറിച്ചുള്ള ക്രൈം ബ്രാഞ്ച് അന്വേഷണം ത്വരിതപ്പെടുത്തി യാഥാർത്ഥ്യം കണ്ടെത്താൻ വേണ്ട നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): 30-11-2007-ന് രാത്രി 9.15-ന് വീട്ടിൽ നിന്നും പോയ ഗോപകുമാർ തിരികെ എത്തിയിട്ടില്ലെന്ന പരാതി സംബന്ധിച്ച് മണിമല പോലീസ് രജിസ്റ്റർചെയ്ത മാൻ മിസ്സിംഗ് കേസ്സ് കോട്ടയം ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്. അന്വേഷണം ഊർജ്ജിതമാക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(13) <u>സർക്കാർ ഓഫീസുകളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കൽ</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: കുടിശ്ശിക അടയ്ക്കാൻ വീഴ്ച വരുത്തിയ സർക്കാർ ഓഫീസുകളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന നടപടിക്ക് പരിഹാരം കാണണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ</u>) : സർക്കാർ ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വൈദ്യുതി കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് ഏപ്രിൽ മാസം വരെ സാവകാശം

കൊടുത്തിരുന്നു. ഏപ്രിൽ മാസത്തിനുശേഷം കൃത്യമായി വൈദ്യുതി ചാർജ് അടയ്ക്കണമെന്നും അല്ലാത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മുൻ കുടിശ്ശികയിലെ പിഴപ്പലിശ ഇളവുകൾ ഗഡുക്കളായി തീർക്കുന്നതിന് ധാരണയായിട്ടുണ്ട്. വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിൽനിന്ന് ആശുപത്രികളെ ഒഴിവാക്കിയിട്ടുണ്ട്.

(14) തെരുവ് വിളക്കുകൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് പോകുന്ന റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : വിമാനത്താവളത്തിലേയ്ക്ക് പോകുന്ന റോഡിന്റെ മധ്യത്തിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ് ഇനത്തിൽ ഒരുലക്ഷം രൂപ ആവശ്യമായി വരും. ഇത്രയും ഭീമമായ തുക കണ്ടെത്തുന്നതിന് കൊണ്ടോട്ടി പഞ്ചായത്തിന് ബുദ്ധിമുട്ടുണ്ട്. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള സാധ്യത ആരായുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ ധനസഹായം സർക്കാർ കൊണ്ടോട്ടി പഞ്ചായത്തിന് നൽകുന്നതാണ്.

(15) ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

ശ്രീ. യു.സി. രാമൻ: പൊതുമരാമത്ത് വകുപ്പ് കണ്ടെത്തിയ സ്ഥലം ട്രൈബൽ ഡിപ്പാർട്ടുമെന്റിന് കൈമാറി പുതിയ കെട്ടിടം നിർമ്മിച്ച് കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്ത് പ്രവർത്തിക്കുന്ന പ്രീ-മെട്രിക്

ഹോസ്റ്റൽ മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രീ-മെട്രിക് ഹോസ്റ്റൽ സ്വന്തമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പ് കണ്ടെത്തിയ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിന് പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(16) അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ

ശ്രീ.കെ.വി.കുഞ്ഞിരാമൻ: സംസ്ഥാനത്ത് 28000 അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന പ്രതിമാസ വേതനം വർദ്ധിപ്പിക്കന്നതിനും അവർക്കുവേണ്ടി പെൻഷൻ സ്കീം ആവിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 60 വയസ്സുകഴിഞ്ഞ അംഗൻവാടി ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്.

(17) കന്നഡ മീഡിയം മോഡൽ റെസിഡൻഷ്യൻ സ്കൂൾ

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ എന്മഗജെ പഞ്ചായത്തിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആദിവാസി കുട്ടികൾക്കായി ഒരു കന്നഡ മീഡിയം എം.ആർ.എസ്. തുടങ്ങാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കന്നഡ മാതൃഭാഷയായുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികൾക്കായി ഒരു മോഡൽ റെസിഡെൻഷ്യൽ സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള വാണിനഗറിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒഴിഞ്ഞ ഭാഗത്ത് സ്കൂൾ താൽക്കാലികമായി തുടങ്ങാനും പിന്നീട് എൻമഗജെ വില്ലേജിലെ 10 ഏക്കർ സ്ഥലത്ത് സ്ഥിരം കെട്ടിടം പണിത് അങ്ങോട്ടേയ്ക്ക് മാറ്റാനും ശുപാർശ ചെയ്തിട്ടുണ്ട്.

(18) യാത്രാക്ലേശം

ശ്രീമതി കെ.കെ. ലതിക: വടകര-കൊയിലാണ്ടി താലൂക്കുകളിലെ മലയോര പ്രദേശങ്ങളിലെയും ഉൾനാടൻ പ്രദേശങ്ങളിലെയും യാത്രാക്ലേശം ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം വരാത്തവിധം ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു ടി.തോമസ്): ആകെ 52. സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. വടകര താലൂക്കിലേയ്ക്ക് നടത്തുന്നത്. 48 പുതിയ ബസ്സുകൾ ഇവിടെ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള സർവ്വീസുകൾ പര്യാപ്തമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(19) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം

ശ്രീ. എം. ഉമ്മർ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകളിൽ പിന്നാക്കവിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി): ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നാക്ക വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

പാഠപുസ്തകങ്ങളെപ്പറ്റിയുള്ള പരാതികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഉന്നതാധികാര വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

**ക്രമപ്രശ്നം**

ശ്രീ. ജി. കാർത്തികേയൻ : പാഠ്യവിഷയവുമായി ബന്ധപ്പെട്ട് ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ ഒരു സമിതി ഉണ്ടാക്കുമെന്ന് ജൂൺ 24-ാം തീയതി അടിയന്തിരപ്രമേയത്തിന് മറുപടിയായി വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയുണ്ടായി. 26-ാം തീയതി ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത് ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പാഠ്യഭാഗം

പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല എന്നുമാണ്. ഇത് ഓർഡറിലാണോയെന്നതു സംബന്ധിച്ച് റൂളിംഗ് നൽകണം. എന്റെ പാർട്ടിക്കും ഞങ്ങളുടെ മുന്നണിക്കും ചട്ടം 300 അനുസരിച്ച് നിയമിച്ച സമിതിയോട് വിയോജിപ്പുണ്ട്. ഗവൺമെന്റിന് അനുകൂലമായി ഒരു റിപ്പോർട്ട് നൽകാൻ വേണ്ടി നിയോഗിച്ച ഈ കമ്മിറ്റിയോട് സഹകരിക്കുന്ന പ്രശ്നമില്ല. ഈ സമിതിയെ പിരിച്ചുവിടണം. പാഠപുസ്തകം പിൻവലിക്കണം.

<u>മി.സ്പീക്കർ</u>: ഇതിൽ ക്രമപ്രശ്നമില്ല. ചോദ്യവുമായി ബന്ധപ്പെട്ട കാര്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്ക് വിശദീകരണം നൽകാവുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ.ബേബി)</u> : ഗവൺമെന്റിന് ഇക്കാര്യത്തിൽ ജനാധിപത്യപരമായ സമീപനമാണുള്ളത്. മതാചാരങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ശ്രദ്ധയിൽപ്പെട്ടിട്ടില്ല' എന്നാണ് 26ാം തീയതി മറുപടി പറഞ്ഞത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : ചട്ടം 300 അനുസരിച്ച് മന്ത്രിയുടെ പ്രസ്താവനയിൽ പറയുന്ന ഈ കമ്മിറ്റിയോട് ഞങ്ങൾ സഹകരിക്കുന്ന പ്രശ്നമില്ല. പാഠപുസ്തകം പിൻവലിക്കാത്ത നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം മടങ്ങിവരികയും ചെയ്തു)

**ധനകാര്യം**

<u>2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥ-</u>

<u>നകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u> : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII– സഹകരണം (90,92,68,000 രൂപ)

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u> : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX- കൃഷി (526,59,85,000 രൂപ)

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി.തോമസ്</u>) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ)</u> :സഹകരണം എന്ന XXVII–ാം നമ്പർ ധനാഭ്യർത്ഥനയേയുംകൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എം. എ. വാഹീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി.ജോസഫ്, എം. മുരളി, കെ. കുട്ടി അഹമ്മദ്കുട്ടി, സി. ടി. അഹമ്മദ് അലി, കെ. ബാബു, ടി. എൻ. പ്രതാപൻ, കെ. ശിവദാസൻ നായർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗ

ങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പത്ത് ലക്ഷം കർഷകരുടെ 2400 കോടി രൂപയുടെ വായ്പ എഴുതിത്തള്ളാൻ കേന്ദ്ര ഗവൺമെന്റ് ഇന്നലെ തീരുമാനിച്ചു. ഇനിയെങ്കിലും കേരളത്തിലെ കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ധനസഹായം കർഷകർക്ക് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ കേരളത്തിന്റെ സഹകരണമേഖലയ്ക്കു ഗുണകരമല്ല. സഹകാരികൾ ആവശ്യപ്പെട്ടതനുസരിച്ചാണ് വൈദ്യനാഥൻ കമ്മിറ്റിയെ നിയമിച്ചത്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ധനസഹായം ജനാധിപത്യവിരുദ്ധമാണെന്നുള്ള കാരണം പറഞ്ഞ് സഹകരണ വകുപ്പുമന്ത്രി വേണ്ടെന്നുവച്ചു. ദേവസ്വം ബോർഡിന് വിശ്വാസ്യത ഇല്ലെന്നും ജീവനക്കാർ അഴിമതിക്കാരാണെന്നും വകുപ്പുമന്ത്രി തന്നെ പറയേണ്ടി വരുന്ന അവസ്ഥ അപമാനകരമാണ്. ദേവസ്വം ബോർഡിന്റെ കെടുകാര്യസ്ഥതയ്ക്ക് ഉത്തരവാദി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെയാണ്. ദേവസ്വം ഭരണത്തിൽ ഇടപെടാനുള്ള അധികാരം വേണമെന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ക്ഷേത്ര വിശ്വാസികൾ കേരളത്തിലുണ്ടെന്നുള്ളത് വിസ്മരിക്കരുത്. കൃഷിവകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും ക്ഷീര വികസന വകുപ്പിലും രണ്ട് വർഷമായി ഡയറക്ടർമാരില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി ധാരാളം പണം ലഭിക്കാനുള്ള സാധ്യതയുണ്ടെങ്കിലും കേരളത്തിലെ കൃഷി വകുപ്പ് അത് വാങ്ങിയെടുക്കുന്നതിന് ശ്രമിക്കുന്നില്ല. രാഷ്ട്രീയ കൃഷി വികാസ് യോജന

പദ്ധതിയിൽ അനുവദിച്ച പണം ചെവഴിച്ചിട്ടില്ല. നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന് കുറച്ചുകൂടി നന്നായി പ്രവർത്തിക്കാൻ കഴിയും. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലുള്ള പാക്കേജ് നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഓഫീസറെ വയ്ക്കുന്നതിനുപോലും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

ശ്രീ. സി.കെ. സദാശിവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിലും സഹകരണ മേഖലയിലും ധാരാളം നല്ല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. സഹകരണ മേഖല നടപ്പിലാക്കുന്ന 'സഹകരണ നവരത്നം പദ്ധതി' ജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. സഹകരണ വകുപ്പിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴിമതി നടത്തിയവരെ കണ്ടുപിടിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ശക്തമായ നടപടി സ്വീകരിക്കണം. ആത്മഹത്യ ചെയ്ത കർഷകരുടെ രണ്ടു ലക്ഷം രൂപവരെയുള്ള കടം എഴുതിത്തള്ളിയതുവഴി 550 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പാലക്കാട്, തൃശൂർ ജില്ലകളിലെ കർഷകർക്ക് പലിശ രഹിത വായ്പ നൽകുകയും ആലപ്പുഴ ജില്ലയിലെ കർഷകർക്ക് അത് നൽകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. വിലക്കയറ്റം തടയുന്നതിനും ആവശ്യത്തിന് ഭക്ഷ്യധാന്യം വിപണിയിൽ എത്തിക്കുന്നതിനുമുള്ള ആത്മാർത്ഥമായ പരിശ്രമം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അശാസ്ത്രീയമായ എ.പി.എൽ/ബി.പി.എൽ വിഭജനത്തിലൂടെ കേന്ദ്ര അരിവിഹിതം വെട്ടിക്കുറച്ച ഘട്ടത്തിലാണ് സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാൻ സഹകരണ വകുപ്പ് മുന്നോട്ടുവന്നത്.

കൃഷി വകുപ്പിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ആഗോളവൽക്കരണം സൃഷ്ടിച്ച കാർഷിക പ്രതിസന്ധിയിൽ നിന്ന് കൃഷിക്കാരെയും കാർഷിക മേഖലയേയും രക്ഷിക്കാനുള്ള നടപടികളാണ് സംസ്ഥാനത്ത് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ആഭ്യന്തര ഉൽപ്പാദന മേഖലകളിലെ എല്ലാ പ്രതീക്ഷയും തകർന്നു. എം. എസ്. സ്വാമിനാഥനെപ്പോലെയുള്ളവർ ചൂണ്ടിക്കാണിച്ചിട്ടും കടാശ്വാസം എന്ന രൂപത്തിൽ ഒരു അഭ്യാസം കാണിച്ചിരിക്കുന്നതല്ലാതെ അടിസ്ഥാനപരമായി കാർഷിക മേഖലയ്ക്ക് കാര്യമായ പ്രയോജനം സിദ്ധിക്കുന്ന ഒരു സമീപനവും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. രാജ്യം ഇന്ന് ഭക്ഷ്യ ക്ഷാമത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കൃഷി ലാഭമല്ലാത്തതിനാൽ രാജ്യത്തെ 40 ശതമാനത്തോളം വരുന്ന കൃഷിക്കാർ കൃഷി ഉപേക്ഷിച്ചിരിക്കുന്നു. ഏതാണ്ട് 170000 കൃഷിക്കാർ നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്തു കഴിഞ്ഞു. ആഗോളവൽക്കരണത്തിന്റെ തിക്ത ഫലങ്ങളാണ് ഇന്ന് രാജ്യം അനുഭവിക്കുന്നത്. ഒരു വർഷം 20000 കൃഷിക്കാർ നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്യുന്നുവെന്നാണ് പുതിയ റിപ്പോർട്ട്. മറ്റു സംസ്ഥാനങ്ങളിൽ ആത്മഹത്യ തുടരുമ്പോൾ കേരളത്തിൽ കൃഷിക്കാർക്ക് ആത്മവിശ്വാസവും പ്രതീക്ഷയും ഉണ്ടാക്കിക്കൊടുത്ത് ആത്മഹത്യാ പ്രവണത അവസാനിപ്പിക്കാനുള്ള ഇച്ഛാശക്തിയോടുകൂടി ഈ സർക്കാർ പ്രവർത്തിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആത്മഹത്യ ചെയ്ത ആയിരത്തോളം കൃഷിക്കാരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വച്ച് സഹായം എത്തിച്ചുകൊടുക്കാൻ ഈ

ഗവൺമെന്റിന് കഴിഞ്ഞു. 2 ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാനും കാർഷിക വായ്പയുടെ പലിശ നിരക്ക് കുറച്ച് കൃഷിക്കാരെ ഈ മേഖലയിൽ പിടിച്ചു നിർത്താനും നെല്ലിന് തറവില നിശ്ചയിക്കാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. അർദ്ധ ജുഡീഷ്യൽ അധികാരമുള്ള കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതിന്റെ ഫലം വയനാട് ജില്ലയിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. ഉത്തരവാദിത്വത്തോടുകൂടി നെല്ല് സംഭരിക്കാനുള്ള എല്ലാ സംവിധാനവും ഈ ഗവൺമെന്റ് ഏർപ്പെടുത്തിക്കഴിഞ്ഞു. നെല്ലെടുത്തതിനുള്ള കുടിശ്ശിക തുക കൃത്യമായി കൊടുക്കുമെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്. നെല്ലിന് ക്വിന്റലിന് 1,000 രൂപ തറവില നിശ്ചയിച്ചതിന്റെ ഫലമായി കർഷകന് ആത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കാൻ സർക്കാരിന് കഴിഞ്ഞു. തരിശുഭൂമി കൃഷി യോഗ്യമാക്കാൻ ഒരു ഹെക്ടറിന് 5,000 രൂപ വച്ച് ധനസഹായം നൽകുമെന്ന പ്രഖ്യാപനം കൃഷിക്കാരെ അറിയിക്കാൻ വേണ്ട പ്രചരണം സംഘടിപ്പിക്കണം. നെൽകൃഷി-നീർത്തട സംരക്ഷണ നിയമം എത്രയും വേഗം പാസ്സാക്കണം. കൃഷിക്കാരെ നെൽക്കൃഷിയിൽ ഉറപ്പിച്ച് നിർത്താനും രാജ്യത്തെ ഭക്ഷ്യ ക്ഷാമം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റബ്കോ 300 കോടി രൂപയുടേയും കയർത്തൊഴിലാളി സഹകരണ സംഘങ്ങൾ 60 കോടി രൂപയുടേയും നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 13000 സഹകരണ സംഘങ്ങളുണ്ടായിരുന്നതിൽ 2800 എണ്ണം അടച്ചുപൂട്ടി. 1557 പ്രാഥമിക

സഹകരണസംഘങ്ങളിൽ 833 എണ്ണവും നഷ്ടത്തിലാണ്. ശരാശരി നിക്ഷേപം 4951 രൂപയായി കുറഞ്ഞു. 2002-ൽ നിക്ഷേപ സമാഹരണം 426 ശതമാനമായിരുന്നത് 2007-ൽ 286.66 ആയി കുറഞ്ഞു. അമിത രാഷ്ട്രീയ ഇടപെടലുകളും വിദഗ്ദ്ധ മാനേജ്മെന്റിന്റെ അഭാവവുമാണ് സഹകരണ മേഖലയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ സംഘങ്ങളെ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ വരുതിയിലാക്കുന്ന നടപടികൾ അപലപനീയമാണ്. അത് ഈ മേഖലയെ തകർക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ ഈ മേഖലയെ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കി ഒത്തൊരുമിച്ച് മുന്നോട്ടുകൊണ്ടുപോകണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എല്ലാ ഡിപ്പാർട്ട്മെന്റുകളുടേയും സംയോജിത പരിശ്രമം അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അകമഴിഞ്ഞ പിന്തുണ ഉണ്ടാകണം. രാഷ്ട്രീയപ്രേരിതമായ കാരണങ്ങളാൽ ഭക്ഷ്യ സുരക്ഷാപദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ല. കാർഷിക മേഖലയിൽ യഥാസമയം തൊഴിലാളികളെ ലഭിക്കാത്തതിന്റെ പ്രശ്നം രൂക്ഷമാണ്. യന്ത്രവൽക്കരണത്തിന്റെ അഭാവം കാർഷിക മേഖലയുടെ തകർച്ചയ്ക്ക് വഴിതെളിക്കും. യന്ത്രവൽക്കരണത്തേയും ടെക്നോളജി ഡെവലപ്പ്മെന്റിനേയും എതിർക്കുന്ന പ്രവണത ഉപേക്ഷിക്കണം.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റബ്ബർ ഒഴികെ ബാക്കി എല്ലാ കാർഷിക വിളകൾക്കും വിലത്തകർച്ച നേരിട്ടുകൊണ്ടിരുന്ന ഒരു പരീക്ഷണ കാലഘട്ടത്തിൽ അധികാരത്തിലെത്തിയ ഈ ഗവൺമെന്റ് കർഷക ആത്മഹത്യകൾ

കുറയ്ക്കാനും കാർഷിക വിളകൾക്ക് ന്യായ വില ലഭ്യമാക്കാനുമുള്ള സത്വര നടപടികൾ സ്വീകരിച്ചു. സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് കാർഷിക ആനുകൂല്യങ്ങളും വിവിധ പദ്ധതികളും നടപ്പിലാക്കാൻ സാധിച്ചുവെന്നത് നേട്ടം തന്നെയാണ്. കേരളത്തിനർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു. 2010 ആകുമ്പോൾ കേരളത്തിൽ 40 ലക്ഷം ടൺ അരി പ്രതിവർഷം ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. 2004-05-ൽ ആകെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 5.4 ലക്ഷം ടൺ അരിയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രോത്സാഹജനകമായ നടപടികളുടെ ഫലമായി അരി ഉൽപ്പാദനം 6.3 ലക്ഷം ടൺ ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കുള്ള ബാങ്ക് വായ്പയുടെ പലിശ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞു. നെൽക്കൃഷിക്ക് പലിശ രഹിത വായ്പ കൊടുക്കുന്ന പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പാക്കി. മറ്റ് ജില്ലകളിൽ നടപ്പിലാക്കാൻ പോകുകയാണ്. ക്വിന്റലിന് ആയിരം രൂപാ നിരക്കിൽ നെല്ല് സംഭരിച്ച് നെൽക്കൃഷിക്കാർക്ക് ആശ്വാസം പകരാൻ സാധിച്ചിട്ടുണ്ട്. പാഡി ബോർഡ് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള പദ്ധതികളാണ് സംസ്ഥാനത്ത് കാർഷിക മേഖലയിൽ നടപ്പിലാക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'കിസാൻശ്രീ' എന്നപേരിൽ കൃഷിക്കാർക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും അതിൽ 520000 പേർ അംഗങ്ങളാവുകയും ചെയ്തു. കേരളത്തിൽ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആരോഗ്യകരമായ ചർച്ചകളാണ് നടക്കുന്നത്. പച്ചക്കറി ഉൽപാദനത്തിന്റെ കാര്യത്തിൽ കേരളത്തെ സ്വയംപര്യാപ്തതയിലെ

ത്തിക്കുന്നതിനായി 'ഹരിതശ്രീ' എന്ന പേരിൽ ആയിരം ഗ്രാമങ്ങളിൽ പച്ചക്കറി കൃഷിവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കേരളത്തിലെ മുഴുവൻ കർഷകരും സ്വാഗതം ചെയ്യുന്നതുമായ കൃഷിക്കാർക്കുള്ള ക്ഷേമനിധി, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ഒരു കാരണവശാലും വൈകിക്കാനിടയാകരുത്. കേരളത്തിൽ ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പ്രകൃതിക്ഷോഭംമൂലം കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടത്തിന് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സഹകരണ മേഖലയിൽ വിപ്ലവകരമായ പരിഷ്ക്കാരങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. കാർഷിക വായ്പയുടെ പലിശ 7% ആയി കുറച്ചു. സഹകരണ മേഖലയിലെ നിക്ഷേപം 20,000 കോടി രൂപയിൽ നിന്നും 37,000 കോടി രൂപയായി വർദ്ധിപ്പിച്ചു. സഹകരണ രംഗത്ത് അഴിമതിയില്ലാതാക്കാൻ ഡി.ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ പ്രവർത്തനമാരംഭിച്ചു.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുമെന്നുപറഞ്ഞ് പാവപ്പെട്ട കർഷകരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അധികാരത്തിൽ വന്ന ഗവൺമെന്റ് അവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. കർഷക കടാശ്വാസ കമ്മീഷനെ നിയമിച്ചുവെങ്കിലും അവർക്കാവശ്യമായ സ്റ്റാഫോ മറ്റ് സൗകര്യങ്ങളോ നൽകിയില്ല. കെ.എസ്.കെ.ടി.യു. കൊയ്ത്തുയന്ത്രം ഇറക്കാൻ സമ്മതിക്കാതിരുന്നതിനാൽ കുട്ടനാട്ടിൽ 141 കോടി രൂപയുടെ വിളഞ്ഞ നെല്ലാണ് നഷ്ടമായത്. പശ്ചിമ ബംഗാളിൽ നിന്ന് അരികൊണ്ടു

വരുന്നതിനുവേണ്ടി ചെലവായ തുകയുംകൂടി കൂട്ടിയാൽ പ്രസ്തുത ഇനത്തിൽ ആകെ 303 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നെൽക്കൃഷി മേഖലയിലെ കൃഷിക്കാരന് യാതൊരു ആനുകൂല്യവും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിനാവശ്യമുള്ള 18 ലക്ഷം ടൺ പച്ചക്കറിയുടെ സ്ഥാനത്ത് വെറും 6 ലക്ഷം ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിക്കുന്നത്. അങ്ങനെവരുമ്പോൾ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കണം. ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര നിർദ്ദേശങ്ങളനുസരിച്ചുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനാവശ്യമായ പ്രത്യേക ഫണ്ട് ലഭ്യമായോ എന്നുള്ളത് വ്യക്തമാക്കണം. തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ ഇന്ന് കാർഷിക മേഖല പ്രതിസന്ധി നേരിടുകയാണ്. നെൽക്കൃഷി ചെയ്യാനും കൊയ്തെടുക്കാനും തൊഴിലാളികളെ കിട്ടാനില്ല. കൊയ്ത്തുയന്ത്രം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത രൂക്ഷമായിരിക്കുന്നു. റബ്ബർ ടാപ്പിംഗിനും തെങ്ങുകയറ്റത്തിനും തൊഴിലാളികളെ കിട്ടാത്ത സാഹചര്യമുണ്ട്. പ്രസ്തുത മേഖലകളിൽ ആവശ്യത്തിന് തൊഴിലാളികളെ കൊണ്ടുവരാൻ കഴിയത്തക്ക വിധത്തിൽ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ രംഗത്ത് കാതലായ ആധുനികവൽക്കരണം ആവശ്യമാണ്. സഹകരണ ബാങ്കിൽ അക്കൗണ്ട് തുറക്കാനെത്തുന്നവരുടെ കാത്തിരിപ്പ് ഒഴിവാക്കണം. ഡിജിറ്റൽ ക്യാമറാ സംവിധാനം ഏർപ്പെടുത്തി അഞ്ച് മിനിട്ടിനുള്ളിൽ ഇടപെടൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. സഹകരണ രംഗത്ത് എ.ടി.എം. സൗകര്യം, കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്

തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തണം. സഹകരണ ബാങ്കുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണം. ഞായറാഴ്ചകളിലും ഒഴിവു ദിവസങ്ങളിലും ബാങ്ക് തുറന്നു പ്രവർത്തിപ്പിക്കണം. ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം വേണം. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിലൂടെ സഹകരണ സംഘങ്ങൾക്കുണ്ടായിട്ടുള്ള അരക്കോടിയിലധികം രൂപയുടെ ബാധ്യത ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള പണം നേടിയെടുക്കാൻ നടപടിയുണ്ടാകണം. സഹകരണ രംഗം അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് എൽ.ഡി.എഫ്. നയങ്ങൾ നടപ്പിലാക്കണം. സഹകരണ ആശുപത്രികളിലേയും ക്ലിനിക്കുകളിലേയും ജീവനക്കാർക്കുകൂടി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണം. വിത്തുവിതയ്ക്കാനും കൊയ്യാനും പുത്തൻ തലമുറയ്ക്ക് പ്രചോദനം നൽകുകയും കൂടുതൽ സബ്സിഡി നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കാർഷിക രംഗത്ത് കൂടുതൽ ഗവേഷണങ്ങൾ നടത്തി കശുവണ്ടി, റബ്ബർ തുടങ്ങിയ മേഖലകളിൽ പുതിയ വിത്തുകൾ ഉല്പാദിപ്പിക്കാൻ കഴിയണം. ഇതിനുവേണ്ടി കണ്ണൂർ ജില്ലയിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കണം. ഔഷധ ഗുണമുള്ള ചെടികൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കണം. കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കണ്ണൂർ ജില്ലയിലെ കർഷകർക്കുള്ള നഷ്ടപരിഹാര കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടിയെടുക്കണം.

<u>ശ്രീ. ടി.യു. കുരുവിള:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരുകാലത്ത് ഭക്ഷ്യോല്പാദനത്തിൽ മിച്ചമായിരുന്ന സംസ്ഥാനത്തിന് ഇന്ന് ഇറക്കുമതിയെ ആശ്രയിക്കേണ്ടിവന്നത് വളരെ ഗൗരവമായി കാണണം. ഭക്ഷ്യ സുരക്ഷയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ പല പദ്ധതികൾക്കും രൂപം

നൽകിവരുന്നു. പ്രകൃതിക്ഷോഭവും കീടങ്ങളുടെ ആക്രമണവും കാലാവസ്ഥയിലുണ്ടായ അപ്രതീക്ഷിത മാറ്റങ്ങളും പല തരത്തിലുള്ള രോഗങ്ങളുംമൂലം ഭക്ഷ്യോല്പാദനം കുറയാൻ കാരണമായിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വിലക്കുറവും, വർദ്ധിച്ച ചെലവും തൊഴിലാളികളുടെ ക്ഷാമവും കാരണം നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്ന കർഷകർ കൃഷി യോഗ്യമായ സ്ഥലങ്ങൾ തരിശ്ശിടുന്നതിന് പരിഹാരം കണ്ടെത്തണം. കൃഷിയോഗ്യമായ ഭൂമി തരിശ്ശിടാതിരിക്കുന്നതിനും ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുംവേണ്ടി കൃഷിക്കാർക്ക് സബ്സിഡി അനുവദിക്കണം. കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കണം. അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടുകൂടി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നിലങ്ങൾ നികത്തി പുരയിടങ്ങളാക്കി മാറ്റുന്ന പ്രവണത അവസാനിപ്പിക്കണം. കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം. സംസ്ഥാന ഗവൺമെന്റിന്റെ ജനോപകാരപ്രദമായ പദ്ധതികളിലൂടെ പാലക്കാട് ജില്ലയിലെ നെല്ലുൽപ്പാദനത്തിലും സമയോചിതമായ ഇടപെടലിലൂടെ നാണ്യവിളകളുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വേനൽമഴയിൽ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകി. കുട്ടനാട്ടിൽ മഴയിൽ കിളിർത്ത നെല്ല് കിലോയ്ക്ക് പത്തു രൂപ വീതം നൽകി സർക്കാർ സംഭരിച്ചു. കർഷക കടാശ്വാസ നിയമവും കിസാൻ ശ്രീ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി. കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കാൻ വേണ്ടി ടോൾ ഫ്രീ ഫോൺ സംവിധാനം നിലവിൽ വന്നു. നെൽക്കൃഷിക്കാർക്ക് പലിശരഹിത

വായ്പകൾ ഏർപ്പെടുത്തി. പാഡി ബോർഡ് രൂപീകരിച്ചു. ജൈവകൃഷിക്ക് പ്രോത്സാഹനം നൽകി. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളശ്രീ, നാളികേര വികസന പദ്ധതി എന്നിവ നടപ്പിലാക്കി. സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷന് രൂപം നൽകിയതു കൂടാതെ മധ്യകേരളത്തിലെ കർഷകരെ സഹായിക്കാൻ ഫാം ഇൻഫർമേഷൻ ബ്യൂറോ രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ.എസ്. രാജേന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യക്ക് മാതൃകയായി കർഷകർക്കുവേണ്ടി നിയമങ്ങളും ചട്ടങ്ങളും ആദ്യമായി കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. ആണവോർജ്ജക്കരാറിനെ കോൺഗ്രസ്സ് പിന്തുണയ്ക്കുന്നത് ശരിയല്ല. കർഷകർക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും പലിശരഹിത വായ്പ അനുവദിക്കുകയും ചെയ്തു. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കുട്ടനാട്ടിലെ കർഷകരെ സഹായിക്കുന്നതിനുവേണ്ടി അവർക്ക് പാക്കേജ് പദ്ധതികൾ കൊണ്ടുവന്നു. ദേവസ്വം ബോർഡിൽ നടക്കുന്ന അഴിമതികൾ പുറത്തു കൊണ്ടുവരാൻ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിച്ചു. ദേവികുളത്തെ തോട്ടം തൊഴിലാളികൾക്കും ആദിവാസികൾക്കും വേണ്ടി കൺസ്യൂമർഫെഡ് സംവിധാനം ഏർപ്പെടുത്തി. ധാരാളം ഓണച്ചന്തകൾ സ്ഥാപിച്ചു. തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. യു.സി. രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ കൃഷി ഭൂമികളെല്ലാം ഇപ്പോൾ തുണ്ടുതുണ്ടായി മാറ്റിക്കൊണ്ടിരിക്കുന്നതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനം കുറഞ്ഞു വരികയാണ്. കാർഷികഗവേഷണ കേന്ദ്രങ്ങളുടെ സഹായത്തോടെ

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഡോ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് ചർച്ച ചെയ്യണം. മന്ത്രിമാർ തമ്മിലുള്ള തർക്കങ്ങൾ അവസാനിപ്പിക്കണം. സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കണം. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന സഹകരണ സംഘങ്ങളെ പിരിച്ചുവിടുന്ന പ്രവണത അവസാനിപ്പിക്കണം. വിളയിറക്കാനുള്ള പാടങ്ങളെല്ലാം നികത്തി വൻ സൗധങ്ങൾ പണിതുയർത്താൻ നടത്തുന്ന ശ്രമങ്ങളെ നിരുൽസാഹപ്പെടുത്തണം. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന രൂപത്തിലുള്ള പുതിയ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. ഭക്ഷ്യസുരക്ഷാപദ്ധതി നടപ്പിലാക്കണം. വ്യാജപ്പട്ടയങ്ങൾ റദ്ദ് ചെയ്യണം. നിലങ്ങൾ നികത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകളുടെ നിരക്ക് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകുന്നുണ്ട്. നാളികേരത്തിനും റബ്ബറിനും വിലവർദ്ധനവുണ്ടായി. വേനൽ മഴയിൽ കൃഷി നാശമുണ്ടായപ്പോൾ കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല. കേരള സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും കൃഷിക്കാവശ്യമായ രാസവളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സഹകരണ മേഖലയിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിരുന്നതെങ്കിൽ

ഈ ഗവൺമെന്റ് സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്ന നടപടികളാണ് സ്വീകരിച്ചത്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിലെ സാഹിത്യകാരൻമാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർക്കാനുള്ള മാതൃകാപരമായ നടപടി സ്വീകരിച്ചു. യു.ഡി.എഫ് ഗവൺമെന്റ് അധികാരം വിട്ടപ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 20,000 കോടി രൂപയായിരുന്നത് ഇപ്പോൾ 35,000 കോടി രൂപയായി വർദ്ധിച്ചു. കാർഷിക മേഖലയിൽ പലിശ നിരക്ക് കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചു. എല്ലാ നിയോജക മണ്ഡലങ്ങളിലും സഹകരണ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുമെന്ന മന്ത്രിയുടെ പ്രഖ്യാപനം അഭിനന്ദനാർഹമാണ്. അരിക്ക് ക്ഷാമം നേരിട്ടപ്പോൾ ബംഗാളിൽ നിന്നും അരി വാങ്ങി വിലകുറച്ച് പൊതുവിപണിയിലെത്തിക്കാൻ നടപടി സ്വീകരിച്ചു. 300 കടകളിൽ അരി വിതരണത്തിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തണം. സഹകരണ മേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹത്തെ സമഗ്രമായ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സഹകരണ മേഖലയെ വൻകിടക്കാർക്ക് തീറെഴുതിക്കൊടുക്കുന്ന നടപടിയോട് ഗവൺമെന്റിന് യോജിപ്പില്ല. സഹകരണ മേഖലയെ സംരക്ഷിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. കെ.കെ. ഷാജു</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖലയിൽ വിപ്ളവങ്ങൾ നടന്നു എന്ന നിലയിലാണ് ഭരണകക്ഷിയംഗങ്ങൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച്

ജില്ലകൾക്കായി കൊണ്ടുവന്ന നാളികേര പദ്ധതി ഈ സർക്കാർ ഇല്ലാതാക്കി. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ പേരിൽ ധാരണയായി എന്ന് പറയുന്നുണ്ടെങ്കിലും ഘടകകക്ഷികൾ തമ്മിലുള്ള തർക്കം നിലനിൽക്കുന്നുണ്ട്. കാർഷിക മേഖല മുരടിച്ചു നാമാവശേഷമായി. സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി കൊണ്ടുവന്ന വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാത്ത ഏക സംസ്ഥാനം കേരളമാണ്. സഹകരണ വകുപ്പ് അഴിമതിയുടെ പര്യായമായി മാറിയിരിക്കുകയാണ്.

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u> : ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സഹകരണ വകുപ്പിലും കൃഷി വകുപ്പിലും ഞെട്ടിപ്പിക്കുന്ന അഴിമതികളാണ് നടന്നിരുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവും ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും മൂലം കർഷക ആത്മഹത്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മികച്ച പദ്ധതികളാണ് കൃഷി വകുപ്പിലും സഹകരണ വകുപ്പിലും നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു മേഖലയാണ് സഹകരണ മേഖല. കേരളത്തിൽ ആകെ 24539 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനത്തോടുള്ള വിശ്വാസംതന്നെ നഷ്ടപ്പെട്ടിരുന്നു. സഹകരണ വകുപ്പിൽ ഏകദേശം രണ്ടായിരം കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് സഹകരണ മേഖലയിൽ നടത്തിയിട്ടുള്ള 36 ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണത്തിന്

ഉത്തരവിട്ടിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സഹകരണ മേഖലയിൽ 265 പേരെ വഴിവിട്ട് നിയമിക്കുകയുണ്ടായി. ഈ ഗവൺമെന്റ് 8.5%, 9% പലിശ നിരക്കുകൾ യഥാക്രമം 5.5%, 6% എന്ന നിരക്കിൽ കുറയ്ക്കുകയുണ്ടായി. വൺ ടൈം സെറ്റിൽമെന്റിലൂടെ 270 കോടി രൂപയുടെ ആനുകൂല്യം കേരളത്തിലെ കൃഷിക്കാർക്ക് നൽകുകയും ജപ്തി-ലേല നടപടികൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എഴുതിത്തള്ളി. ഗവൺമെന്റ് ചുരുങ്ങിയ കാലംകൊണ്ട് ഏകദേശം 3100 കോടി രൂപയുടെ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. 4% പലിശയ്ക്ക് കാർഷിക വായ്പ കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. നെൽകൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും പലിശരഹിത വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയംമൂലം വിലക്കയറ്റമുണ്ടായപ്പോൾ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ അത് പിടിച്ചുനിർത്താൻ സാധിച്ചു. കൺസ്യൂമർഫെഡ് വഴി 3348 ഔട്ട്ലെറ്റുകൾ ആരംഭിച്ച് 51 കോടി രൂപയുടെ സഹായം ലഭ്യമാക്കി. ഓണം, ക്രിസ്തുമസ്, റംസാൻ കാലഘട്ടത്തിൽ സഹകരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ സഹകരണ കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കണം. കാർഷിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കി. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടിയ വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കാര്യമായ സഹായം നൽകി. കാസർഗോഡ്

ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട അടയ്ക്ക കൃഷി പരിപോഷിപ്പിക്കുന്നതിന് അടയ്ക്കാശ്രീ പദ്ധതി നടപ്പിലാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ഇടപെട്ടുകൊണ്ട് സാമൂഹ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി സഹകരണ മേഖലയെ മാറ്റിയെടുക്കാൻ സാധിച്ചു. സഹകരണ ബാങ്കുകളെ കൊമേഴ്സ്യൽ മാതൃകയിൽ മാറ്റി അതിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. സഹകരണ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കണം. സഹകരണ കോൺഗ്രസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സഹകരണ മേഖലയിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തി. സാധാരണക്കാരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. വിലക്കയറ്റത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലകുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന്റെ അരിവിഹിതം വെട്ടിക്കുറച്ച നടപടി ശരിയല്ല. സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങളൊന്നും അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. നെൽക്കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. വേനൽമഴ മൂലം കൃഷിനാശമുണ്ടായ കർഷകർക്ക് യാതൊരു സഹായവും കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടില്ല. കൃഷി ഭവനുകളുടെ പ്രവർത്തനം വ്യാപിപ്പിക്കണം. മുട്ട, പാൽ, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കണം. ഓണക്കാലത്ത് കൂടുതൽ

ചന്തകൾ ആരംഭിച്ച് പച്ചക്കറികൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ബാബു പോൾ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയ്ക്ക് നവജീവനും ദിശാബോധവും നൽകുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നിക്ഷേപവും വായ്പയും വർദ്ധിക്കുകയുണ്ടായി. ആത്മഹത്യ ചെയ്ത കർഷകരുടെ രണ്ട് ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. സഹകരണ മേഖലയുടെ ഇടപെടൽകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധിച്ചു. സഹകരണ നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോയൽറ്റി ഇനത്തിൽ സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട കുടിശ്ശിക മുഴുവൻ കൊടുത്തുകൊണ്ട് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ പുനരുദ്ധരിക്കുകയുണ്ടായി. സഹകരണ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സ്വാഗതാർഹമായ കാര്യമാണ്. കേരളം സഹകരണ മേഖലയിൽ ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളെ പുറകോട്ട് കൊണ്ടുപോകുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പാമോയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതുമൂലം നാളികേരത്തിന്റെ വില ഇടിയുകയുണ്ടായി. ഗവൺമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം കർഷക ആത്മഹത്യകൾ ഇല്ലാതാക്കി. കാർഷിക മേഖലയിൽ നൂതനവും സമഗ്രവുമായ നിരവധി പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ക്രിയാത്മക നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കാലവർഷവും വേനൽമഴയും മൂലമുള്ള കെടുതികൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് യാതൊരു സഹായവും നൽകിയില്ല. കുട്ടനാട്, ഇടുക്കി പാക്കേജുകളുടെ കാര്യത്തിൽ കേന്ദ്രം നിഷേധാത്മക നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇൻഡ്യ-ശ്രീലങ്ക കരാർ നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ കുരുമുളക് കർഷകർ ദുരിതത്തിലായി. അടയ്ക്ക ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതുമൂലം ഈ മേഖലയിലെ കർഷകർ പ്രതിസന്ധിയിലായി. കേന്ദ്രം സംസ്ഥാനത്തെ കർഷകജനതയോട് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനങ്ങൾ നിഷേധാത്മകമാണ്. കർഷകർക്ക് ആശ്വാസമായിട്ടുള്ളത് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമപദ്ധതികൾ മാത്രമാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. കർഷകരുടെ ക്ഷേമ പെൻഷൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം. കൃഷിവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഈ സർക്കാരിനു കഴിഞ്ഞു. അവയുടെ പരമാവധി പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി-സഹകരണ വകുപ്പുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചുവെന്നത് ശ്രദ്ധേയമാണ്.

ശ്രീ. ബി. ബാബു പ്രസാദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യസുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിൽ ഗൗരവതരമായ വീഴ്ച വരുത്തി. കേന്ദ്ര കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം. പ്രാഥമിക നടപടികളുടെ അഭാവം

മൂലം കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോയി. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കുമ്പോൾ കേരളം അവ ലാപ്സാക്കിക്കളയുകയാണ്. കാർഷിക മേഖലയിലെ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. സംഘങ്ങൾ മുഖേനയാണോ വ്യക്തികൾ മുഖേനയാണോ തരിശുഭൂമി ഭക്ഷ്യോൽപ്പാദനത്തിനുപയുക്തമാക്കുന്നതെന്ന കാര്യം വ്യക്തമാക്കണം. 1999 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ ഈ രണ്ടു വർഷം കൊണ്ട് കേരളത്തിൽ കർഷക ആത്മഹത്യകൾ വർദ്ധിച്ചു. നെഹ്റൂവിയൻ കാഴ്ചപ്പാടിലൂടെയുള്ള പദ്ധതികൾ കൊണ്ടുമാത്രമേ സംസ്ഥാനത്തെ കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ സാധിക്കൂവെന്ന സത്യം നിഷേധിക്കാനാവില്ല. യന്ത്രവൽക്കരണത്തിനെതിരെ ഈ സർക്കാർ എടുത്ത നിലപാടുമൂലം കുട്ടനാട്ടിലെ 30000 ഏക്കർ കൃഷി നശിക്കാനിടയായി. കർഷകരുടെ കണ്ണീരുവീണ് കരിഞ്ഞുപോയ കുട്ടനാടിന്റെ ഇന്നത്തെ സ്ഥിതിയുടെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് കാർഷികരംഗത്ത് വമ്പിച്ച നേട്ടങ്ങളുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണി കാർഷികമേഖലയെ സംബന്ധിച്ച് പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കാർഷികരംഗത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും അവരുടെ കടബാധ്യത പൂർണ്ണമായി എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചു. കർഷക ആത്മഹത്യ കുറയ്ക്കാൻ സാധിച്ചുവെന്നത് സ്വാഗതാർഹമാണ്.

രാസവളത്തിന്റെ വില വർദ്ധനവ് കാർഷികമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. സ്വകാര്യ പണമിടപാടുകാരിൽനിന്ന് വായ്പയെടുത്ത കർഷകർക്ക് കടാശ്വാസം കൊടുക്കുമെന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. സമ്പന്ന വർഗ്ഗത്തെ കൂടുതൽ സമ്പന്നരാക്കുന്ന നയമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇൻഡ്യയ്ക്കാവശ്യമായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം എന്നിവയുടെ ഭൂരിഭാഗവും കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത്. നെല്ലിന് കിലോയ്ക്ക് 10.50 രൂപ സംഭരണ വിലയുണ്ടായിരുന്നത് 8.50 രൂപയായി കുറച്ചു. ബാക്കിയുള്ള 1.50 രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കണം. ഇപ്പോഴുള്ള 20 ശതമാനം ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം 80 ശതമാനമാക്കി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം. പ്രളയവും മറ്റ് പ്രകൃതിക്ഷോഭങ്ങളുമുണ്ടാകുമ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നേരിടാൻ തയ്യാറാകണം. പ്രളയമുണ്ടായപ്പോൾ ഒരാഴ്ചയ്ക്കകം കുട്ടനാട്ടിലെ കർഷകർക്ക് 10,000 രൂപ വീതം നഷ്ടപരിഹാരം നൽകി. പ്രളയക്കെടുതിമൂലം നശിച്ച തെങ്ങൊന്നിന് നൽകിവരുന്ന നഷ്ടപരിഹാരം 500 രൂപയാക്കി. കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന് 1840 കോടി രൂപയുടെ കേന്ദ്രസഹായം തരേണ്ടതാണ്. സഹകരണ വകുപ്പ് ഇൻഡ്യയിൽ ആദ്യമായി, കേരളത്തിൽ ആറ് ജില്ലകളിൽ കർഷകർക്ക് പലിശരഹിത വായ്പ കൊടുക്കാൻ തീരുമാനിച്ചു. നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുകയും ഒ.ടി.എസ്.ലൂടെ 270 കോടി രൂപയുടെ പലിശയിളവ് നൽകുകയും ചെയ്തു. പച്ചക്കറി കൃഷി ചെയ്യാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകി. വിലക്കയറ്റം പിടിച്ചുനിറുത്താൻ സഹകരണച്ചന്തകൾ തുടങ്ങി. കർഷകന് പുതിയ ആശ്വാസ നടപടികൾ നൽകാൻ 2007-ലെ കടം എഴുതിത്തള്ളി.

<u>ശ്രീ. കെ. സി.ജോസഫ്</u> :ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടാശ്വാസ കമ്മീഷന്റെ തീരുമാനപ്രകാരം ഒറ്റ കർഷകനുപോലും ആനുകൂല്യം കിട്ടിയിട്ടില്ല. കടാശ്വാസ കമ്മീഷന്റെ ശുപാർശയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്നും കമ്മീഷന്റെ തീരുമാനപ്രകാരം കേരളത്തിലെ എത്ര കർഷകർക്ക് അല്ലെങ്കിൽ അവർക്കുവേണ്ടി എത്ര സഹകരണ സ്ഥാപനങ്ങൾക്ക് എത്ര രൂപ നൽകിയെന്നും വ്യക്തമാക്കണം. ഈ ഗവണ്മെന്റ് കർഷകരെ കബളിപ്പിക്കുകയാണ് ചെയ്തത്. കർഷകരുടെ 2007 ഡിസംബർ വരെയുണ്ടായിരുന്ന വായ്പകൾ അവരെ ഭീഷണിപ്പെടുത്തിയും ജപ്തി നടപടികൾ സ്വീകരിച്ചും തിരിച്ച് അടപ്പിച്ചു. യഥാസമയമുള്ള കാർഷിക വായ്പകൾ കേന്ദ്രഗവൺമെന്റിനെ അറിയിക്കാത്തതുമൂലം കേരളത്തിന് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു. മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കർഷകരെ സഹായിക്കാനുള്ള യാതൊരു പദ്ധതിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് വേനൽ മഴ ആരംഭിക്കുന്നതിന് മുമ്പ് തന്നെ കൊയ്ത്തു നടത്താമായിരുന്നു. അത് ചെയ്തില്ല. കുട്ടനാട് സംഭവിച്ചത് natural calamity അല്ല. Man made calamity ആണ്. രാഷ്ട്രീയ ഇടപെടലുകൾ മൂലമാണ് കുട്ടനാട് കാർഷിക മേഖലയിൽ വലിയ തകർച്ച ഉണ്ടായത്. കാർഷിക മേഖലയിലും സഹകരണ മേഖലയിലും ഈ ഭരണകൂടം ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): കടാശ്വാസ കമ്മീഷൻ കൽപ്പിച്ച തീർപ്പുകളിൽ വയനാട് ജില്ലയിലുള്ളവയ്ക്ക് സർക്കാർ അംഗീകാരം നൽകി. 25,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ

എഴുതിത്തള്ളുന്നതിന് ബാങ്കുകൾക്കാണ് പണം കൊടുക്കുന്നത്. ഈ അവസരത്തിലാണ് നിശ്ചിത cut of date-ൽ കുടിശ്ശികയുള്ളവർക്കൊക്കെ ഇളവു നൽകുന്നുവെന്ന കേന്ദ്ര കടാശ്വാസ കമ്മീഷന്റെ പ്രഖ്യാപനം വന്നത്. ഇത് രണ്ടും കോ-ടെർമിനസ് അല്ല. പണം ബാങ്കുകൾക്ക് കൊടുത്താൽ റീ-ഇമ്പേഴ്സ്മെന്റ് കിട്ടുകയില്ല എന്നാണ് കേന്ദ്ര സർക്കാരിൽ നിന്നും അറിയിച്ചത്. അതുകൊണ്ട് സർക്കാരിന്റെ ധാരണ കേന്ദ്രത്തിന്റെ കടാശ്വാസം ബാങ്കുകൾക്ക് കൊടുക്കുകയും ബാങ്കുകൾ കവർ ചെയ്യാതെ വരുന്ന മുഴുവൻ കൃഷിക്കാർക്കും സംസ്ഥാന കടാശ്വാസ കമ്മീഷന്റെ തീർപ്പുപ്രകാരം കൊടുക്കാമെന്നുമാണ്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണ വകുപ്പിന്മേലുള്ള ബഡ്ജറ്റ് വിഹിതത്തെക്കുറിച്ച് നടന്ന ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു. ഈ സർക്കാർ പുതിയതായി 416 സഹകരണ സംഘങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്യുകയും നിലവിലുള്ള സഹകരണ ബാങ്കുകളുടെ 281 പുതിയ ശാഖകൾ തുറക്കുകയും 20287 കോടി 23 ലക്ഷം രൂപയായിരുന്ന നെറ്റ് ഡിപ്പോസിറ്റ് 39641 കോടിയിൽപ്പരം രൂപയായി വർദ്ധിപ്പിക്കുകയും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ സംഘങ്ങളുടെ എണ്ണം 769-ൽ നിന്നും 869 ആക്കി ഉയർത്തുകയും ചെയ്തു. സഹകരണ സംഘങ്ങളിലെ അംഗത്വം 3523 കോടിയാക്കി വർദ്ധിപ്പിക്കാനും 86.41 ശതമാനമായിരുന്ന ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 91.27 ശതമാനമായി ഉയർത്താനും സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നബാർഡിന്റെ സഹകരണത്തോടുകൂടി

സംസ്ഥാനത്ത് കാർഷികാവശ്യങ്ങൾക്കായി ചെലവഴിച്ചത് 326 കോടി രൂപയായിരുന്നെങ്കിൽ അത് 665 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇതിനു പുറമേ സഹകരണ കുടിശ്ശിക നിവാരണത്തിന്റെ ഫലമായി 340 കോടി രൂപ പലിശ ഇളവ് കൊടുക്കാനും 14818 വിലക്കയറ്റ വിരുദ്ധ ചന്തകൾ നടത്താനും സാധിച്ചു. ഹ്രസ്വകാല കാർഷിക വായ്പകൾക്കുള്ള പലിശ 4 മുതൽ 7 ശതമാനം വരെയായി നിജപ്പെടുത്തുകയും കുടുംബശ്രീ, ലോക്കൽ ഹൗസിംഗ്, മൈനർ ഇറിഗേഷൻ എന്നിവയ്ക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ വഴി 7 ശതമാനം പലിശയ്ക്ക് വായ്പ നൽകാനും വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ 9 ശതമാനമാക്കി കുറയ്ക്കാനും സാധിച്ചു. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കുള്ള വായ്പയ്ക്ക് വീണ്ടും 2 ശതമാനം പലിശ കുറച്ചിരിക്കുകയാണ്. പച്ചക്കറി, കപ്പ, വാഴ തുടങ്ങിയവ കൃഷിചെയ്യുന്നതിന് കൊടുക്കുന്ന വായ്പയുടെ പലിശ 4 ശതമാനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നെൽക്കൃഷിക്ക് കൊടുക്കുന്ന വായ്പയ്ക്ക് പലിശയില്ല. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് 2.25 കോടി രൂപ നൽകിക്കഴിഞ്ഞു. മരിച്ച ആളുകളുടെ കുടുംബത്തിന് ഇനിയുള്ള വായ്പയ്ക്ക് പലിശ വേണ്ടെന്നും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുറ്റകൃത്യങ്ങളുടെ പേരിലും ക്രമവിരുദ്ധമായ ലോണിലൂടെയും സഹകരണ മേഖലയിൽ 2000 കോടി രൂപയുടെ നഷ്ടമുണ്ടായതിൽ 400-ൽ ചില്വാനം വിജിലൻസ് കേസ്സുകളിലൂടെയും ക്രിമിനൽ കേസ്സുകളിലൂടെയും കുറച്ച് തുക ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 547 സഹകരണ സംഘങ്ങളാണ് പിരിച്ചുവിട്ടിരുന്നതെങ്കിൽ ഇപ്പോൾ 20 സംഘങ്ങളെ മാത്രമാണ് പിരിച്ചുവിട്ടത്. 3507 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിച്ചു. അഡ്മിനിസ്ട്രേറ്റീവ്

കമ്മിറ്റിയുള്ള എല്ലാ സഹകരണ സംഘങ്ങളിലും മൂന്ന് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. 3757 കോടി രൂപയുടെ കിട്ടാക്കടം പിരിച്ചെടുക്കാനും നെൽക്കൃഷിക്കായി രണ്ടു വർഷം കൊണ്ട് 190 കോടി രൂപ കൊടുക്കാനും സാധിച്ചു. 17 കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ കോളേജുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത് 25 ആയി വർദ്ധിപ്പിക്കും. സാഹിത്യ പ്രവർത്തക സഹകരണ സംഘം അടുത്ത വർഷം 100 പുതിയ പുസ്തകങ്ങൾ കൂടി പ്രസിദ്ധീകരിക്കും. അതിൽ 25 ശതമാനമെങ്കിലും പുതിയ എഴുത്തുകാരുടേതാവണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി എൻ.ബി.എസ്. ശാഖകളിൽ ഓഫീസ് സ്റ്റേഷനറികൾ, ത്രിവേണി നോട്ട് പുസ്തകങ്ങൾ എന്നിവ കൂടി വിൽക്കാൻ സൗകര്യമേർപ്പെടുത്തും. എൻ.ബി.എസ്. ടൈറ്റിൽ ഹോൾഡേഴ്സിന്റെ ജീവിച്ചിരിക്കുന്നവരുടേയും അന്തരിച്ചവരുടെ അവകാശികളുടേയും ഒരു സാംസ്ക്കാരിക കൂട്ടായ്മ സംഘടിപ്പിക്കും. സംസ്ഥാനത്തു മൂന്ന് മേഖലകളിൽ എൻ.ബി.എസ്.-ന്റെ ആഭിമുഖ്യത്തിൽ വിപുലമായ പുസ്തക പ്രദർശനവും വിൽപ്പനയും സംഘടിപ്പിക്കും. പുതിയ 500 സഹകരണ സംഘങ്ങളിൽ വായനശാലകൾ സംഘടിപ്പിക്കും. കൺസ്യൂമർഫെഡ്ഡിന്റെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ത്രിവേണി സ്റ്റോർ ആരംഭിക്കും. കുട്ടനാട്ടിൽ 50 ലക്ഷം രൂപ ചെലവിൽ ഏറ്റവും ആധുനികമായ രീതിയിലുള്ള ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോർ ആരംഭിക്കും. പഞ്ചായത്തുകളിൽ ഓരോന്ന് വീതവും മുനിസിപ്പാലിറ്റികളിൽ രണ്ടെണ്ണവും കോർപ്പറേഷനുകളിൽ അഞ്ചും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കും. കൺസ്യൂമർ ഫെഡറേഷൻ ഡി.ഫാം കോഴ്സുകൾ ആരംഭി ക്കുന്നതിനായി മലബാർ മേഖലയിലും തെക്കൻ മേഖലയിലുമായി രണ്ട്

ഫാർമസി കോളേജുകൾ ആരംഭിക്കും. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റും വികാസ് ഭവനും എറണാകുളത്ത് സിവിൽ സ്റ്റേഷനും കേന്ദ്രീകരിച്ച് ജീവനക്കാർക്കും പൊതുജനങ്ങൾക്കും കുറഞ്ഞ ചെലവിൽ ഭക്ഷണപൊതികൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. വിലക്കയറ്റം നേരിടുന്നതിനായി കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 2008-09 സാമ്പത്തിക വർഷത്തിൽ 5000 പ്രത്യേക വിലക്കയറ്റ വിരുദ്ധ മാർക്കറ്റുകൾ സംഘടിപ്പിക്കും. പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, മറ്റ് ദുർബല വിഭാഗ കോർപ്പറേഷൻ, ഹോസ്പിറ്റൽ സഹകരണ സംഘം, കേപ്പ് എന്നീ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിനായി കേരള സംസ്ഥാന സഹകരണ നവരത്ന ലോട്ടറി തുടങ്ങുന്ന കാര്യം പരിഗണിച്ചുവരികയാണ്. കാർഷിക വായ്പകൾ നൽകുന്നതിനുള്ള പ്രത്യേക ക്യാമ്പയിൻ നടത്തും. കാർഷിക വായ്പ പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വായ്പ നൽകുന്ന ജീവനക്കാർക്ക് ക്യാഷ് ഇൻസെന്റീവ് നൽകുന്നതാണ്. കൂടുതൽ കാർഷിക വായ്പകൾ വിതരണം നടത്തുന്ന സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും സംസ്ഥാന തലത്തിൽ മൂന്ന് സംഘങ്ങൾക്കും പ്രോത്സാഹന അവാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ജില്ലാ കാർഷിക ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നത് നിർബന്ധിതമാക്കും. കാർഷിക വായ്പാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ചെറുകിട കച്ചവടത്തിനുവേണ്ടി 80 ശതമാനം വരെ വായ്പ നൽകും. കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ

സംഘങ്ങളുടെ ചെലവിൽ 1250 റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിൽ 400 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. ആഭ്യന്തര വിപണി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളേയും പ്രാഥമിക സഹകരണ സംഘങ്ങളേയും ബന്ധപ്പെടുത്തി എ.ടി.എം. കൗണ്ടറുകളും ഇ-ബാങ്കിംഗ് സമ്പ്രദായവും നടപ്പിലാക്കും. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ക്ലിനിക്കൽ സഹകരണ ലബോറട്ടറികൾ ഈ വർഷം ആരംഭിക്കും. ഇതിന് സന്നദ്ധമായിട്ടുള്ള സംഘങ്ങൾ ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പാട്ട വ്യവസ്ഥയിൽ 63 എണ്ണം സ്ഥാപിക്കാൻ തീരുമാനമാകുകയും സർക്കാരിന്റെ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ആശുപത്രിക്ക് പുറത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമാണ്. കേപ്-നെ ആധുനികവൽക്കരിക്കാനും വൈവിധ്യവൽക്കരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം സഹകരണ മെഡിക്കൽ കോളേജിന് സ്ഥിര അംഗീകാരം ലഭിച്ചിരിക്കുകയാണ്. പുതിയ ഡെന്റൽ കോളേജുകൾ, ബി.ഫാം, ബി.എസ്.സി. (നഴ്സിംഗ്) കോളേജുകൾ എന്നിവ ആരംഭിക്കുന്നതാണ്. ബിരുദദാന ചടങ്ങും, ഡോക്ടർമാരുടെ സമ്മേളനവും വിവിധ വിഷയങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കും. സഹകരണ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്ക്കരണത്തിനായി ഒരു കോടി രൂപ അനുവദിച്ചു. ഈ കോളേജുകൾക്ക് 52 കോടി രൂപയുടെ ബാധ്യതയുണ്ട്. ഗവൺമെന്റിൽനിന്നും സഹായധനം കിട്ടുന്നതുവരെ ഈ രീതിയിൽ പ്രവർത്തിക്കുന്നതായിരിക്കും. കേരളത്തിൽ മുൻനിരയിലുള്ള

പരിയാരം മെഡിക്കൽ കോളേജ് അതിന്റെ സ്റ്റെബിലൈസേഷൻ കൊണ്ടുതന്നെ ശ്രദ്ധേയമാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള കോഴ്സുകൾക്ക് പുറമേ എം.എസ്.സി. മെഡിക്കൽ(അനാട്ടമി), എം.എസ്.സി. (ബയോകെമിസ്ട്രി), എം.എസ്.സി.(ഫിസിയോളജി), എം.ഫാം, ഡിപ്ലോമ ഇൻ റേഡിയോളജി, ഡിപ്ലോമ ഇൻ ഡയബറ്റോളജി, ഡിപ്ലോമാ ഇൻ ഒഫ്താൽമോളജി തുടങ്ങിയ 9 കോഴ്സുകൾക്ക് യൂണിവേഴ്സിറ്റിയുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. അടുത്തവർഷം ഓർത്തോ, ഗൈനക്കോളജി, സർജറി, കമ്മ്യൂണിറ്റി മെഡിസിൻ, എന്നിവയുടെ പി. ജി. കോഴ്സുകളും ഡി.എം.(കാർഡിയോളജി) സൂപ്പർ സ്പെഷ്യാലിറ്റി എന്നീ കോഴ്സുകളും മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്, മാസ്റ്റർ ഓഫ് എപ്പിഡമോളജി തുടങ്ങിയ കോഴ്സുകളും ആരംഭിക്കും. പാരാ മെഡിക്കൽ കോഴ്സുകൾ പരിയാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അലൈഡ് മെഡിക്കൽ സർവ്വീസസിന്റെ കീഴിൽ കൊണ്ടുവരും. ഈ കോളേജിന് ഐ.എസ്.ഒ. 2000 അക്രഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ഇവിടെ 1500 വിദ്യാർത്ഥികൾക്കും കേപ്പ്-ൽ 7000 കുട്ടികൾക്കും സഹകരണ വകുപ്പിന്റെ കീഴിൽ പഠിക്കാനുള്ള സാഹചര്യ മുണ്ടാകും. 251 കോടി രൂപയുടെ നഷ്ടത്തിൽ കേപ്പ് പ്രവർത്തിക്കുന്നതു കൊണ്ട് ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്നു. ഡയറി, തുന്നൽ തുടങ്ങിയ കുടിൽ വ്യവസായങ്ങൾക്കും ഹോർട്ടിക്കൾച്ചർ, ഓട്ടോറിക്ഷ തൊഴിലാളികൾക്കും തൊഴിൽരഹതിർക്കും പ്രത്യേകിച്ച് പട്ടികജാതി സമുദായത്തിൽപ്പെട്ടവർക്കും വനിതകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ, ജില്ലാ അർബൻ ബാങ്കുകൾ എന്നിവ മുഖേന സ്വയം തൊഴിൽ വായ്പ നൽകും. സ്ത്രീകൾക്ക് പ്രോജക്ടിന്റെ 100 ശതമാനവും

മറ്റുള്ളവർക്ക് 80 ശതമാനവും വായ്പ നൽകും. നിർദ്ധന കുടുംബങ്ങളിലെ 50000 പെൺകുട്ടികൾക്ക് വിവാഹാവശ്യത്തിനായി 25000 രൂപ വരെ നാല് ശത മാനം പലിശനിരക്കിൽ പ്രാഥമിക സഹകരണ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക്, അർബൻ ബാങ്ക്, കാർഷിക വികസന ബാങ്ക്, മറ്റ് കാർഷികേതര സംഘങ്ങൾ എന്നിവ മുഖേന 'മംഗല്യസൂത്ര' എന്ന പേരിൽ അടുത്തവർഷം വായ്പ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുവേണ്ടി പ്രത്യേക സൊസൈറ്റികൾ ഉണ്ടാക്കിയതിനുപുറമേയാണ് സംഘങ്ങൾ വഴി വായ്പാ വിതരണം നടത്തുന്നത്. സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തും. ഭരണ സമിതിയിൽ മൂന്നിലൊന്ന് വനിതാ പ്രാതിനിധ്യവും സംഘങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്കായി മൂന്ന് ശതമാനം സംവരണവും ഏർപ്പെടുത്തും. നിയമനത്തിനുള്ള പ്രായപരിധി ഉയർത്തുന്ന കാര്യവും ആലോചിച്ചുവരികയാണ്. അഴിമതി തടയാൻ ക്രിമിനൽ നിയമവ്യവസ്ഥകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന ഇൻഷ്വറൻസ് സഹകരണ സംഘം പുന:സംഘടിപ്പിക്കും. സഹകരണ വകുപ്പുമന്ത്രി ചെയർമാനായി പ്രാഥമിക വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് നിലവിലുള്ള ഗ്യാരന്റി സ്കീം പുനസംഘടിപ്പിക്കും. ഇതിനുവേണ്ടി 12 ജില്ലാ ബാങ്കുകളിലായി 6 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയിരക്കണക്കിന് വരുന്ന സ്കൂൾ-കോളേജ് സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്ക് പ്രാമുഖ്യം നൽകി പുന:സംഘടിപ്പിക്കും. നെൽക്കൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂലായ് മാസത്തിൽ നടത്തുന്നതാണ്. സംസ്ഥാന സഹകരണ യൂണിയൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ

ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ബോർഡ് എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തും. സംസ്ഥാന സഹകരണ യൂണിനു കീഴിൽ നവീന പരിശീലന പരിപാടി ആസൂത്രണം ചെയ്യും. എല്ലാ സഹകരണ ജീവനക്കാർക്കും പെൻഷൻ നൽകുന്ന കാര്യം ആലോചിച്ചു വരികയാണ്. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയവ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ബോർഡ് വഴി പുനരുദ്ധരിക്കും. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് കീഴ്‌വഴക്കപ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തും. സഹകരണ കുടിശ്ശിക നിവാരണം എന്ന പരിപാടിവഴി സഹകരണ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.ക്കു വിടുന്നതിന് ഗവൺമെന്റ് നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. സഹകരണ ബാങ്കിനും റബ്കോയ്ക്കുമെതിരെ ആക്ഷേപമുന്നയിച്ചുകൊണ്ട് ലേഖനമെഴുതിയ ഇന്ത്യൻ എക്സ്പ്രസ് ലേഖകൻ ശ്രീ. ഉദയകുമാറിനെതിരെ ഇന്ത്യൻ പ്രസ് കൗൺസിലിന് പരാതി കൊടുക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ ക്രൈം റിക്കാർഡ് ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കേരളത്തിൽ കൃഷിക്കാരുടെ ആത്മഹത്യാ നിരക്ക് കുറഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കകത്തുനിന്ന് അവയെ നേരിടാനും ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കർഷകർക്കനുകൂലമായ സമീപനങ്ങൾ

സ്വീകരിച്ചതുവഴി കാർഷികമേഖലയിൽ ഒരു പോസിറ്റീവ് ട്രെൻഡിന് രൂപം കൊടുക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷത്തെ ഭരണത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിട്ടുള്ള ധാരാളം കാര്യങ്ങൾക്ക് തുടക്കം കുറിക്കാനും അവ മുന്നോട്ടു കൊണ്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ കുറവ്, ഉല്പാദനക്ഷമതയിലെ കുറവ് തുടങ്ങിയ പ്രശ്നങ്ങളിൽ മെച്ചപ്പെട്ട സമീപനം സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കിലോ നെല്ലിന് 6.50 രൂപ സംഭരണ വിലയുണ്ടായിരുന്ന സ്ഥാനത്ത് 10 രൂപ പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇന്ത്യയിലാദ്യമായി ഒരു കാർഷിക വിളയ്ക്ക് പലിശരഹിത വായ്പ കൊടുക്കുന്നത് കേരളത്തിലെ നെൽക്കൃഷിക്കാണ്. കേരളത്തിലെ മുഴുവൻ നെൽകർഷകർക്കും പലിശ രഹിത വായ്പ കൊടുക്കാൻ സഹകരണ വകുപ്പുമായി ചേർന്ന് തീരുമാനിച്ചിരിക്കുന്നു. നെൽക്കൃഷി മേഖലകളിൽ ഗ്രീൻ കാർഡ് കൊടുക്കുകയും കാർഡുള്ള കർഷകർക്ക് ആനുകൂല്യങ്ങളെല്ലാം കിട്ടുന്നു വെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. കേരളത്തിലെ ഓരോ പ്രദേശത്തെയും പ്രത്യേകതയ്ക്ക് അനുസരിച്ച് അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഉൽപ്പാദിപ്പിക്കാൻ കേരള സീഡ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാഷണൽ സീഡ് അതോറിറ്റിയുമായി ബന്ധപ്പെട്ട് ആ ഉത്തരവാദിത്വം പൂർണ്ണ മായി അവർ നിർവ്വഹിക്കും. ഈ വർഷം 20 കൊയ്ത്തുമെതി യന്ത്രങ്ങൾ കുട്ടനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകൾക്കുവേണ്ടി വാങ്ങുന്നതിനും കൂടുതൽ ആവശ്യമുള്ളവ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വാടകയ്ക്കു കൊടുക്കുന്നതിനും കേരളത്തിലെ രണ്ട് കോർപ്പറേഷനുകളെ എൽപ്പിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് പ്രവർത്തനം മുടങ്ങിക്കിടന്നിരുന്ന

കേരളത്തിലെ മൂന്ന് റൈസ് മില്ലുകളിൽ ആലത്തൂരിലുള്ളത് ഉദ്ഘാടനം ചെയ്തു. തകഴിയിലും വൈക്കത്തുമുള്ളവ ഈ വർഷം ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ വെയർ ഹൗസിംഗ് കോർപ്പറേഷൻ, കെയ്ക്കോ, കേരഫെഡ് തുടങ്ങിവ ലാഭത്തിലാക്കാനും കേരഫെഡിൽ 16 വർഷമായി ജോലി ചെയ്തിരുന്ന 143 തൊഴിലാളികളെ സ്ഥിരപ്പെടുത്താനും സാധിച്ചു. കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ കോർപ്പറേഷനുകളിലുംകൂടി ഏതാണ്ട് 100 കോടി രൂപയുടെ ലാഭമുണ്ടാക്കി. വേനൽമഴമൂലം 50 ശതമാനത്തിലേറെ കൃഷിനാശമുണ്ടായ എല്ലാ കർഷകർക്കും ഹെക്ടറിന് 10,000 രൂപവീതം നഷ്ട പരിഹാരം കൊടുത്തു. വേനൽമഴയിൽ കുരുത്ത നെല്ലിന് മില്ലുകൾ 6 രൂപ വില നിശ്ചയിച്ചപ്പോൾ ഗവൺമെന്റ് 10 രൂപ വില നിശ്ചയിച്ചു. വേനൽമഴമൂല മുണ്ടായ കൃഷി നാശത്തിന് കേന്ദ്രസഹായം തേടുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടും ഇതുവരെ സഹായം ലഭി ച്ചിട്ടില്ല. കേരളത്തിൽ ഒരു പാഡി ബോർഡ് രൂപീകരിക്കുകയും ഫാം തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും ഹെക്ടറിന് 5000 രൂപ വീതം കൊടുത്ത് തരിശ്ശുഭൂമി കൃഷിചെയ്യുന്ന പദ്ധതി നടപ്പിലാ ക്കുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്ര വർത്തനത്തിലൂടെ കുടുംബശ്രീയോ ഗവൺമെന്റോ പഞ്ചായത്തോ അല്ലാത്ത ചെറുതും വലുതുമായ കേരളത്തിലെ വിവിധ സംഘടനകൾ കുറ ഞ്ഞത് രണ്ടുലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിലെത്തിക്കുകയും അവ കൃഷി ചെയ്ത് മോണിറ്റർ ചെയ്യുകയും കൃഷിവകുപ്പിന്റെ സഹായം തേടുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ നിന്നും പിന്തിരിഞ്ഞ വരിൽ ചെറിയൊരു ശതമാനം കർഷകരെ കാർഷിക മേഖലയിലേയ്ക്ക്

തിരിച്ചുകൊണ്ടുവരാൻ ഗവൺമെന്റിന്റെയും മറ്റു സന്നദ്ധ സംഘടന കളുടെയും കാർഷിക സർവ്വകലാശാലയുടെയും പ്രവർത്തനങ്ങൾകൊണ്ട് കഴിഞ്ഞിട്ടുണ്ട്. "എല്ലാവരും കൃഷിയിലേയ്ക്ക്, കൃഷി എല്ലാവരിലേയ്ക്കും" എന്നുള്ളതാണ് കാർഷിക മേഖലയിൽ ഗവൺമെന്റിന്റെ മുദ്രാവാക്യം. 'കിസാൻ അഭിമാൻ' എന്ന പെൻഷൻ പദ്ധതി ഈ വർഷം കേരളത്തിൽ നട പ്പാക്കുന്നതാണ്. കുടുംബശ്രീകളുടേയും പഞ്ചായത്തുകളുടേയും കൂട്ടായ്മ യോടുകൂടി 1000 പച്ചക്കറി ഗ്രാമങ്ങൾ എന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകർക്കുവേണ്ടി തിരുവനന്തപുരത്ത് കർഷക ഭവൻ ആരംഭിക്കുന്നതാണ്. അവർക്കുവേണ്ടി ഒരു വില സ്ഥിരതാ ഫണ്ട് രൂപീകരിക്കും. സോയിൽ ടെസ്റ്റ് നടത്തി കൃഷി ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലയിലെ മടിക്കൈ പഞ്ചായത്തിലെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യും. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ വേണ്ടി ഒരു കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം ആരംഭിക്കും. കാർഷിക സർവ്വകലാശാലയിൽ എം.എസ്.സി. ബയോ ടെക്നോളജി ഇന്റഗ്രേറ്റഡ് മൾട്ടി ഇൻസ്റ്റിറ്റ്യൂഷണൽ കോഴ്സ് ഈ വർഷം ആരംഭിക്കും. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളുടെ ആഴം മനസ്സിലാക്കി കർഷകർക്കനുകൂലമായി ഇടപെടാനുള്ള ഒരു അർദ്ധ ജുഡീഷ്യൽ സംവിധാനമാണ് കർഷക കടാശ്വാസ കമ്മീഷൻ. പ്രസ്തുത അധികാര സംവിധാനം ഉപയോഗിച്ച് ഏകദേശം രണ്ടായിരത്തോളം കർഷകരുടെ കടങ്ങൾക്ക് വിവിധ ബാങ്കുകൾ സ്റ്റേ ഓർഡർ നൽകിയിട്ടുണ്ട്. വയനാട് ജില്ലയെ ദുരന്ത ബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഹെക്ടറിനു

താഴെ ഭൂമിയുള്ളവരുടെ 25,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതി തള്ളാൻ തീരുമാനിച്ചു. സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങൾക്ക് മാത്രമേ ഈ നിയമം ബാധകമാകുകയുള്ളൂ. കർഷക കടാശ്വാസ കമ്മീഷനിൽ നിന്നും 5000-ൽ അധികം അവാർഡുകളാണ് ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ടുള്ളത്. അതിൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ദേശീയ കടാശ്വാസത്തിന്റെ പരിധിയിൽ വരാത്തതായിട്ടുള്ള കടബാദ്ധ്യതകൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുകയും പരിഹരിക്കുകയും ചെയ്യും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു..

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥന 18-നെതിരെ 64 വോട്ടുകളോടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥന 18-നെതിരെ 65 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.40-ന് പിരിഞ്ഞു.